

# യേശുദേവചരിതം

(വഞ്ചിപ്പാട്ട് രീതി)

www.malankaralibrary.com



# യേശുവിന്റെ മാതൃകുടുംബം

നീതിയോടെ ജീവിച്ചോരു യോവാക്കിനും പ്രിയപത്നി
അന്നായിക്കും പിറന്നോരു അരുമ പുത്രി.

സുന്ദരിയും സുശീലയും ദൈവഭക്തി നിറഞ്ഞോളും
വീട്ടുകാർക്കും നാട്ടുകാർക്കും കണ്ണിലുണ്ണിയും.

അമ്മയാകുമന്നയോടു ചേർന്നുനിന്നു ത്യാഗത്തോടെ
വീട്ടുകാര്യം ചെയ്തു തീർക്കും പുത്രി മറിയാം.

എടുപ്പിലും നടപ്പിലും സമപ്രായക്കാരിൽനിന്നും
വേറിട്ടൊരു പ്രകൃതമായ് കഴിയും പുത്രി.

കളങ്കത്തിൻ കറ ലവലേശം പോലുമേശീടാതെ
വിശുദ്ധപോൽ കഴിയുന്നെന്നമ്മ ഗ്രഹിച്ചു

പുത്രിതന്റെ ജനനത്തിൻ നാളിൽതന്നെ ദിവ്യമാമൊ-
രനുഭൂതിയമ്മയ്ക്കുള്ളിൽ വെളിവാകുന്നു.

ബാലികയാം മറിയാമിലഭൗമമാം തേജസ്സിന്റെ
കാന്തി ശോഭിക്കുന്നതമ്മ ദർശിച്ചീടുന്നു.

www.malankaralibrary.com



# മറിയാമിനു ഗബ്രിയേൽ ദൂതന്റെ അറിയിപ്പ്

നസ്രത്തിലെ മലയുടെ അടിവാരം ചേർന്നു നില്ക്കും
കൊച്ചുകുടിലിന്റെയുള്ളിലേകാഗ്രയായി

യഹോവയാം ദൈവവുമായ് ധ്യാനപൂർവ്വം സല്ലപിച്ചു
സ്തുതികീർത്തനങ്ങൾ പാടും കന്യാമറിയാം.

കണ്ണഞ്ചിക്കും പ്രഭയുമായ് സ്വർഗ്ഗീയമാം തേജസ്സോടെ
ചാരെ നില്ക്കും മുഖ്യദൂതൻ ഗബ്രിയേലിനെ

കണ്ടനേരം പരിഭ്രാന്തി പൂണ്ടു വിറകൊണ്ടീടുന്നു
ഗബ്രിയേലോ മറിയാമോടുരചെയ്യുന്നു.

ദൈവകൃപ നിറഞ്ഞോളേ സമാധാനം നിന്നിലല്ലോ
ദൈവപുത്രൻ നിന്നിൽ വാഴാൻ തിരുവുള്ളമായ്.

ദൈവപുത്രൻ നിന്നുദരേ ഗർഭസ്ഥനായീടുമിന്ന്
പുത്രനു നീ ജന്മമേകുംനാളിലവന്

യേശുവെന്ന നാമം നൽകി പാലിക്കേണമവനെ നീ
ഉന്നതനാം ദൈവത്തിന്റെ പുത്രനാണവൻ.

പിതാമഹൻ ദാവീദിന്റെ സിംഹാസനേ വാഴുമവൻ
യാക്കോബുതൻ ഭവനത്തിൽ ഭരിക്കുമവൻ

www.malankaralibrary.com

അവൻ സംസ്ഥാപിക്കും രാജ്യമെന്നന്നേക്കും നിലനില്ക്കും
അന്ത്യമില്ലാരാജ്യത്തിന്റെയധിപനവൻ.

മറിയാമോ ദൂതനോടായാരായുന്നു യുക്തമായി
കന്യകയാമെനിക്കിതു ഭവിച്ചീടുമോ?

ഇന്നേവരെ പുരുഷന്റെ സ്പർശം ഞാനേയേറ്റിട്ടില്ല
കന്യാത്വത്തിന്നിന്നുവരെ കോട്ടവുമില്ല.

ഗബ്രിയേലോ ചൊല്ലീടുന്നു ദൈവാത്മാവിൻ ശക്തിയാലേ
നിന്നിലുരുവാകും ശിശു ദൈവപുത്രനാ.

നിന്റെ തന്നെ ഇളയമ്മ വൃദ്ധയായയേലീശുബാ
ആറുമാസമായിഗർഭധാരിണിയല്ലോ.

വന്ധ്യയായോരവൾക്കിതു സാദ്ധ്യമാക്കിത്തീർത്ത ദൈവം
എല്ലാത്തിനും ശക്തനാണെന്നറിഞ്ഞു കൊൾക.

മറിയാമോ ദൂതനോടായ് വിനയത്തോടുരചെയ്തു
ദാസിയാകുമെന്നിൽ ദൈവഹിതം വാഴട്ടെ.

കാലത്തിന്റെ തികവിലായ് ഏശയ്യാതൻ പ്രവചനം
അക്ഷരാർത്ഥേ ഇന്നിവിടെ നിറവേറുന്നു.

ഇമ്മാനുവേലെന്ന പേരിൽ മനുകുലരക്ഷയ്ക്കായി
ദൈവപുത്രൻ കന്യകയിലുരുവായീടും.

അതിരറ്റ സന്തോഷത്താൽ കുതിച്ചോടിപ്പോയീടുന്നു.
മറിയാമോ മലയുടെ മുകളിലേക്കായ്.

അവിടല്ലോ ഇളയമ്മ യേലീശുബാ കഴിയുന്നു
ഭർത്താവാകും പുരോഹിതൻ സ്ക്കറിയായുമായ്.

മറിയത്തിന്നിളയമ്മ വൃദ്ധയായ ഏലീശുബാ
മറിയത്തെ കണ്ടമാത്രേ ആഹ്ലാദത്തോടെ.

www.malankaralibrary.com

ആലിംഗനം ചെയ്യുന്നേരം മറിയാമിൻ സ്വസ്തി കേട്ട്
ആത്മാവിനാലുള്ളം തുള്ളി ഘോഷിച്ചീടുന്നു.

ഉദരത്തിലനുഗൃഹീതനെ പേറും മറിയാമേ
സ്ത്രീജനത്തിലെന്നും നീയേ വാഴ്ത്തപ്പെട്ടവൾ.

സാമുവേലിൻ ജനനത്തിൽ ഹന്നാ ദിവ്യാരൂപി പൂണ്ട്
ഉള്ളം നിറഞ്ഞുദ്ഘോഷിച്ച വചനംപോലെ

മറിയാമും ആത്മാവിനാൽ പ്രേരിതയായ് ഘോഷിക്കുന്നു
സർവ്വശക്തൻതന്റെയേറ്റം മഹിമകളെ

രക്ഷകനാം ദൈവത്തിലാണെന്റെ ചിത്തത്തിന്നാനന്ദം
അവിടുന്നെൻ താഴ്മയേറ്റം കടാക്ഷിച്ചല്ലോ.

ശക്തനാകും ദൈവം തന്റെ ദാസിയാകുമെന്നിലിന്ന്
വൻകാര്യങ്ങൾ നിവർത്തിക്കാൻ തിരുമനസ്സായ്.

തന്റെ ഭക്തർ മേലേയെന്നും കാലാകാലം തൻ കരുണ
നിർല്ലോപമായ് ചൊരിയുന്ന ദൈവമാണവൻ.

ശക്തൻമാരെ താഴെയിട്ടുമശക്തരെയുയർത്തിയും
തന്റെ ഭുജശക്തി കാട്ടും ദൈവമാണല്ലോ.


വിശന്നങ്ങു വലയുന്ന സാധുജനങ്ങളെ കർത്തൻ
വിശിഷ്ടമാം ഭോജ്യം നൽകി തൃപ്തരാക്കുന്നു.

പൂർവ്വപിതാവബ്രാമിനും തനയർക്കുമവൻ നൽകും
വാഗ്ദാനത്തെ കാക്കും ദൈവം വിശ്വസ്തനല്ലോ.

സ്നാപകനും രക്ഷകനും ഉദരത്തിലന്യോന്യമായ്
ആദ്യമായി മുഖാമുഖം കണ്ടുമുട്ടുമ്പോൾ

സന്തോഷത്താലുദരത്തിൽ തുള്ളിച്ചാടി മോദിക്കുന്നു
മാതാക്കളോ ആത്മാവിനാൽ നിറഞ്ഞിടുന്നു. ■

www.malankaralibrary.com



# യേശുവിന്റെ ജനനം

**റോ**മാസാമ്രാജ്യം വാണീടും സീസറിന്റെ കല്പനയാൽ
പേരെഴുതാൻ ഗർഭിണിയാം മറിയവുമായ്

നീതിമാനാം യൗസേപ്പിതാ ബേത്ലഹേമിലെത്തീടുന്നു
അന്തിപാർക്കാനിടം തേടി മുട്ടുന്നു വാതിൽ.

മാറിമാറി മുട്ടിയിട്ടും ആരുമിടം കൊടുത്തില്ല
ഗതിയില്ലാതലയുമ്പോൾ കാലിത്തൊഴുത്തിൽ

ഈറ്റുനോവിൽ പുളയുന്ന മറിയത്തെ കൂട്ടീട്ടുടൻ
യൗസേപ്പിതാ പുൽക്കൂട്ടിലായ് കയറീടുന്നു.

പ്രപഞ്ചത്തിന്നധിപനാം സർവ്വലോകനാഥന്നിടം
കിട്ടിയതു ജനിക്കുവാൻ കാലിത്തൊഴുത്തിൽ.

മിണ്ടാപ്രാണി സാക്ഷിയാക്കി മർത്ത്യനീശൻ ഭൂജാതനായ്
പിള്ളക്കച്ചയ്ക്കുള്ളിൽ ശിശുവിനെ പൊതിഞ്ഞ്

കന്യാമാതാ മറിയാമും വളർത്തച്ഛനാം യൗസേപ്പും
ഒരുപറ്റം മിണ്ടാപ്രാണി മൃഗങ്ങളുമായ്

www.malankaralibrary.com

ശൈത്യമേറും രാത്രി ദൈവപുത്രൻ തന്റെ ഭൂപ്രവേശം
ആഘോഷിക്കാൻ മാലാഖാമാർ ഗണം ചേരുന്നു.

സ്വർഗ്ഗീയമാം സംഗീതത്തിൻ അലയൊലി മുഴങ്ങുന്നു
രാത്രിയാമം കാക്കുമജപാലകർ കാതിൽ.

ഞെട്ടിയുണർന്നെണീറ്റപ്പോൾ കാണുന്നവർ നാലുപാടും
പ്രഭാപൂരം ചൊരിയുന്ന മാലാഖാമാരെ.

അടിമുടിവിറകൊണ്ടു ഭയത്താലെ നിന്നീടുന്ന
ഇടയർക്കു നൽകീടുന്നു ദൂതർ സദ്വാർത്ത.

ദാവീദിന്റെ പട്ടണമാം ബേത്ലഹേമിൽ ജനിച്ചല്ലോ
നിങ്ങൾക്കായി രക്ഷകനാം യേശുവീരാവിൽ.

അടയാളം നിങ്ങൾക്കിതാ ബേതലഹേം പട്ടണത്തിൽ
കാലിക്കൂട്ടിൽ പിള്ളക്കച്ചയ്ക്കുള്ളിൽ പൊതിഞ്ഞ്.

പ്രപഞ്ചത്തെയാകമാനം ഉള്ളങ്കയ്യിലേന്തീടുന്ന
ശിശുവിനെ നിങ്ങൾ പോയി വണങ്ങീടുവിൻ.

ദർശനത്തിൻ പൊരുൾ തേടി പോയീടുന്നോരിടയന്മാർ
കാലിക്കൂട്ടിൻ ചാരെ വന്നങ്ങണയുന്നേരം.

കാലിക്കൂട്ടിന്നുള്ളിൽ കാണും പിള്ളക്കച്ച ചൊരിയുന്നു
സൂര്യചന്ദ്രതേജസ്സിനെ വെല്ലും പ്രകാശം.

ആടുകളെ നേർവഴിക്കു നയിക്കുവാനുതകുന്ന
വടികളുമായിട്ടുള്ളേ പൂകുന്നിടയർ.

നിഷ്കളങ്കമനസ്സിന്റെയുടമകളിടയന്മാർ
വണങ്ങുന്നു ശിശുവിനെയാദരപൂർവ്വം.

എളിമയിൽ വിളങ്ങുന്ന നിർമ്മലമാം മനസ്സിന്റെ
ശുദ്ധിയല്ലാതവർക്കൊന്നുമർപ്പിക്കാനില്ല.

നല്ലിടയനേശുവിനെ വന്ദിച്ചാരാധിച്ചപാടേ
മടങ്ങീടുന്നിടയന്മാർ സന്തോഷത്തോടെ. ■

www.malankaralibrary.com



## ജ്ഞാനികൾ യേശുവിന് കാഴ്ചയർപ്പിക്കുന്നു

**വി**ദൂരമാം പൂർവ്വദേശേ വിഖ്യാതരായ് കഴിയുന്ന
മൂന്നു വിദ്വാന്മാരായീടും ജ്ഞാനികളിതാ.

മനുകുലരക്ഷകനാം ക്രിസ്തുവിന്റെ ജനനത്തെ
സൂചിപ്പിക്കും നക്ഷത്രത്തെ ദർശിച്ചീടുന്നു.

ശിശുതന്റെ വിവരങ്ങളറിയുവാനെത്തീടുന്നു
വിദ്വാന്മാരോ ഹേറോദേസിന്നരമനയിൽ.

ഹേറോദേസോ പുരോഹിതപ്രമുഖരോടാരായുന്നു
ഇസ്രായേലിൻ രക്ഷകന്റെ ജനനസ്ഥലം.

പ്രവാചകർവചനത്തിൻ ബലത്താലെ പറയുന്നു
ബേത്‌ലഹേമിൽ യേശു ജന്മം പൂകുമെന്നവർ.

www.malankaralibrary.com

വെള്ളിത്താരത്തിന്റെ കതിർ തൊട്ടുതൊട്ടില്ലെന്ന മട്ടിൽ
വഴികാട്ടിയായിട്ടവർ മുമ്പേ നീങ്ങുന്നു.

കാലിക്കൂട്ടിൻമീതേനിന്നു തുള്ളിത്തുള്ളിച്ചാഞ്ചാടുന്നു
രക്ഷകന്റെ ജനനത്തിൽ സന്തോഷിക്കുംപോൽ.

പൊന്നു മീറാ കുന്തിരിക്കം കാഴ്ചയായിട്ടുണ്ണിപാദേ
അർപ്പിച്ചിട്ടു മടങ്ങുന്നു വിദ്വാന്മാർ മൂന്നും.

നസ്രത്തിലെ നിപുണനാം തച്ചുശില്പിയായീടുന്ന
ജോസഫെന്ന മാന്യനാകും പുരുഷനുമായ്

വിവാഹത്തിൻ നിശ്ചയത്തിൽ കഴിയുന്ന നേരത്തല്ലോ
ഗബ്രിയേലിന്നറിയിപ്പു മാതാ ശ്രവിപ്പൂ.

സ്വപ്നത്തിലെ ദർശനത്തിൽ ലഭിച്ചതാം വെളിപാടാൽ
മറിയത്തെ ഭാര്യയാക്കിച്ചേർത്തു യൗസേപ്പും.

പിഴപെറ്റു പ്രസവിച്ചെന്നപമാനമൊഴിവാക്കാൻ
നാഥൻ മാതാവിന്നായ് ചെയ്യും പദ്ധതിയല്ലോ.

ഉണ്ണിയേശു ശിശുതന്റെ അപ്പൻ യൗസേപ്പെന്നു ലോകം
സംശയത്തിന്നതീതമായ് കരുതീടുന്നു. ■

www.malankaralibrary.com



# യേശുവിന്റെ കുട്ടിക്കാലം

**ശി**ശുവായി പിറന്നൊരു ദൈവപുത്രൻ യേശുവിതാ
മനുജരായ് പിറക്കുന്ന ശിശുക്കളേപ്പോൽ

അമ്മയാകും മറിയാമിൻ മുലപ്പാലു നുകർന്നുകൊ

ണ്ടുന്മേഷത്തോടാരോഗ്യത്താൽ വളർന്നീടുന്നു.

ദൈവത്തിന്റെ കൃപയിലും മനുജർതൻ പ്രീതിയിലും
ജ്ഞാനത്താലെ വളരുന്നു ശിശുവാമേശു.

പാപമെന്ന ദോഷംമാത്രം അസാദ്ധ്യമാമേശുവിന്ന്
മാലോകരാം മർത്യരീന്നൊരന്തരോമില്ല.

ഉണ്ണിയേശുശിശുവിനെയണിയിക്കാൻ മെനയുന്നു
അമ്മമേരി മനോഹരമായ കുപ്പായം.
നാൾക്കുനാളും വളരുന്ന യേശുവിന്റെയൊപ്പംതന്നെ
വളരുന്നു അമ്മ നെയ്ത കുപ്പായമെന്നും.

ശിശുവിൽ താൻ ദർശിക്കുന്നോരലൗകിക ശക്തികളെ
മറിയാമും രഹസ്യമായുള്ളിലൊതുക്കി.

www.malankaralibrary.com

പ്രവചനവചനങ്ങൾ മകനിൽക്കൂടോരോന്നായി
പൂർത്തിയായി കാണുന്നതിലാനന്ദിക്കുന്നു.

മിടുക്കനായ് ചുറുചുറുക്കോടെ വളരുന്ന ബാലൻ
വളർത്തപ്പൻ തന്റെ തച്ചുപണികളിലും.

കൊച്ചുളിയും ചുറ്റികയും വരകോലുമേന്തിക്കൊണ്ട്
മേന്മയായ തച്ചുപണി ചെയ്യുന്നു മോദാൽ.

മൂന്നുദിനം പൂർത്തിയാക്കി തനിക്കൊരു കൊച്ചുകട്ടിൽ
തീർത്തീടുന്നു ഭംഗിയോടെ ബാലനാമേശു.

ആറുമാസം പ്രായത്തിലായമ്മ നെയ്ത കുപ്പായവും
ബാലനാകുമേശുവിന്നു പാകമാണിന്നും.

ബാലനാകുമേശുവിന്റെ വളർച്ചയ്ക്കു സമമായി
വലുതായീടുന്നു തന്റെ കൊച്ചു കട്ടിലും.

നസ്രത്തിലെ കൊച്ചുവീടാം തിരുക്കുടുംബത്തിൽ വാഴും
ദൈവകൃപ ഐശ്വര്യങ്ങൾ വർണ്ണിപ്പതല്ല.

അയൽവീട്ടുകാർക്കൊക്കെയും സഹായവും തുണയുമായ്
സ്നേഹത്തോടെ കഴിയുന്നീതിരുക്കുടുംബം.

ഭരണിയിന്നുള്ളിൽനിന്നും എന്നുമെന്നുമെടുത്താലും
തീരുന്നില്ലയെണ്ണയൊരു നാളുമീവീട്ടിൽ.

അപ്പത്തിനായെന്നുമെന്നും മാവെടുത്തു കുഴച്ചാലും
മാവിനൊട്ടു കുറവുമേ വരുന്നുമില്ല.

നസ്രത്തിലെയീ വീട്ടിലെ അത്ഭുതമാം കാര്യങ്ങളോ
പുറംലോകമൊരുനാളുമറിയുന്നില്ല.

എണ്ണമാവു വാങ്ങാനുള്ള പണമെല്ലാം സ്വരൂപിച്ച്
മറിയാമോ ദരിദ്രർക്കായ് വീതിച്ചീടുന്നു.

www.malankaralibrary.com


ഭവനത്തിന്നരികിലായ് പുഷ്ടിയോടെ നിലകൊള്ളും
ഒലിവിന്റെ കൊമ്പിലെന്നും പതിവായ് കാണാം.

കണ്ണഞ്ചിക്കും പ്രഭയേറും തൂവലുകൾ മിനുക്കിയും
കുറുകിയുമിരിക്കുന്ന മാടപ്രാവിനെ

ത്രിത്വമാകും ദൈവത്തിന്റെ മൂന്നാമത്തെയാളായീടും
ആത്മാവിതാ സാരാംശമാം പുത്രന്നരികെ

സഹവാസം നിലനിർത്താൻ പ്രാവിൻരൂപമേന്തിക്കൊണ്ട്
നിത്യമാകും സമ്പർക്കത്തിൽ കഴിയുന്നല്ലോ.

പാപവിഹീനയാം മാതാവിവയെല്ലാം കാണുമ്പോഴും
രഹസ്യമായെല്ലാമുള്ളിലൊതുക്കീടുന്നു. ■



## യേശുവിന്റെ കൗമാര - യൗവ്വന-കാലം

**വ**ളർത്തച്ഛൻ യൗസേപ്പിനെപ്പോലെ തച്ചുപണികളിൽ
കുമാരനാമേശു ബഹുകേമനായ്തീർന്നു

യൗസേപ്പുമൊത്തൊരുനാളിൽ തിരക്കുള്ള പണികളാൽ
അത്യദ്ധ്വാനം ചെയ്തു പരിക്ഷീണിതനായി

www.malankaralibrary.com

ദാഹശാന്തി വരുത്തുവാൻ ഭവനത്തിൽ കയറുമ്പോൾ
വീണിതല്ലോ കിടക്കുന്നു മാതാമറിയാം.

ദാഹജലം സൂക്ഷിച്ചീടും കൽഭരണീൽ നിറയ്ക്കുവാൻ
പുറത്തുള്ള കിണറ്റീന്നും കുടം നിറച്ച്

ഒക്കത്തുള്ള കുടത്തീന്നും കൽഭരണീലൊഴിക്കുവാൻ
കുടമെടുത്തൊന്നു തിരിയുന്ന നേരത്തിൽ

കാലിടറി വീണീടുന്നു, തിരികല്ലിൽ തട്ടിവീഴും
ഭാരമേറും കുടത്തോടുള്ളാഘാതം മൂലം

കണങ്കാലു പൊട്ടീട്ടെഴുന്നേറ്റീടാനായ് കഴിയാതെ
വിവശയായ് കിടക്കുന്നോരമ്മയെക്കണ്ട്

സ്നേഹപൂർവ്വം മാതാവിനെ മെല്ലെ പിടിച്ചുയർത്തുമ്പോൾ
ഏതോ മിന്നൽപിണർ തന്നിൽ പ്രവഹിക്കും പോൽ

തോന്നീടുന്ന മറിയാമോ പൂർവ്വാധികം പ്രസന്നയായ്
പരസ്പരം മിഴികളിൽ നോക്കി നില്കുന്നു.

ഇവ്വിധമാമനവധി അത്ഭുതങ്ങൾ നിറഞ്ഞുള്ള
നീണ്ട മൂന്നു പതിറ്റാണ്ടിൻ കാലമത്രയും

പുറംലോകമറിയാതെ നസ്രത്തിലെ കുടുംബത്തിൽ
മനുഷ്യനായ് കഴിയുന്നു ദൈവപുത്രനും.

മാതാവാകും മറിയാമോ പ്രവാചകവചനംപോൽ
നിറവേറും കാര്യമെല്ലാം ഗ്രഹിച്ചിടുന്നു.

അത്ഭുതമാം ഗർഭംമുതൽ പ്രവാചകവചനങ്ങൾ
ഓരോന്നായി പൂർണ്ണമായും നിറവേറുന്നു.


ശെമഓന്റെ പ്രവചനം സൂചിപ്പിക്കും കദനത്താൽ
വ്യാകുലയായ് തീരുന്നമ്മ മകനെയോർത്ത്.

www.malankaralibrary.com

പൈതലിനെ കാഴ്ചവെയ്ക്കാനാലയത്തിൽ ചെന്നനാളിൽ
നീതിമാനാം ശെമഓനോ ചൊന്നീടുന്നേവം.

ഇവൻമൂലം ഇസ്രായേലിലനേകർക്കു വീഴ്ചതാഴ്ച
ഉണ്ടായിടും ഇവനൊരു വിവാദപുത്രൻ.

നിന്റെ ചങ്കിൽകൂടിയൊരു വാളു കേറുമെങ്കിൽപോലും
ദൈവത്തിന്റെയനുഗ്രഹം നിന്റെ മേലുണ്ട്. ■




## യേശുവിന്റെ പരസ്യജീവിതം

മനുകുലവംശത്തിന്റെ രക്ഷാകർമ്മം പൂർത്തിയാക്കും
പ്രവചനം നിറവേറാൻ സമയമായി

സ്വയം യാഗമായിത്തീരാനേശു തന്റെ ദൗത്യമിതാ
ഉപവാസത്തിനായ് തന്നെയർപ്പിച്ചുകൊണ്ട്

ദിനരാത്രം നാല്പതുകൾ മരുഭൂവിൽ ചെലവാക്കി
ധ്യാനമഗ്നനായിട്ടേശു കഴിയുന്നല്ലോ. ■

www.malankaralibrary.com



# സാത്താന്റെ പരീക്ഷണം

**ഉ**പവാസം  പൂർത്തിയാക്കി കഴിയുന്നോരേശുവിനെ
പരീക്ഷിക്കാനഹന്തയോടെത്തീടുന്നിതാ

ഏദൻതോട്ടേയാദമിനേം ഹവ്വായേയും കൈക്കലാക്കി
വിജയിച്ച സാത്താനേറ്റം ചങ്കൂറ്റത്തോടെ.

ഉപവാസക്ഷീണത്താലേ വലഞ്ഞോരാമേശുവിനെ
രുചിയേറുമപ്പത്തിന്റെ വർണ്ണനയാലേ

കല്ലുകളെയപ്പമാക്കി കഴിക്കുവാനേശുവിനെ
ഉപദേശിച്ചീടുന്നൊരു സാത്താനേയീശൻ

അപ്പത്തിനുംമേലായിട്ടു ദൈവത്തിന്റെ വചനത്തെ
കാത്തീടേണമെന്ന ഭാഗം കാട്ടിക്കൊടുത്തു.

വാക്കുമുട്ടിപ്പോയ സാത്താൻ യേശുവിനെ കൂട്ടിക്കൊണ്ട്
ദേവാലയഗോപുരത്തിനഗ്രത്തിലെത്തി.

www.malankaralibrary.com

നിന്റെ കാലു കല്ലിൽ തട്ടി പൊട്ടീടാതെ കാത്തീടുവാൻ
ദൂതന്മാരെ നിനക്കായിട്ടയയ്ക്കുമെന്ന

ലിഖിതമാം വചനത്തെ കാട്ടിക്കൊണ്ടു സാത്താൻ പിന്നെ
കർത്താവോടു പറയുന്നു താഴേക്കു ചാടാൻ.

സ്രഷ്ടാവാകും കർത്താവിനെ പരീക്ഷിക്കാൻ പാടില്ലെന്ന
വചനവും സാത്താനോടായ് ചൊന്നീടുന്നേശു.

ഗതിമുട്ടി തോറ്റ സാത്താൻ കർത്താവിനെ കൂട്ടിക്കൊണ്ട്
ഉന്നതമാം ഗിരിയുടെ ശൃംഗത്തിലെത്തി.

താഴെ ചുറ്റുപാടിലുമായ് ലോകസുഖസൗഖ്യങ്ങളെ
താലോലിച്ചു നിലകൊള്ളും നഗരം കാട്ടി.

ചൊല്ലീടുന്നു നാഥനോടായ് ഇവയ്ക്കെല്ലാമുടയോൻ ഞാൻ
എന്നെ നമിച്ചാരാധിച്ചാൽ തന്നീടാമെല്ലാം.

അധികാരസ്വരത്താലേ ആജ്ഞാപിച്ചീടുന്നു കർത്തൻ
വേഗം പോയി മറയുകെൻ സവിധേനിന്നും.

പരാജയമേറ്റുവാങ്ങി ലജ്ജ പൂണ്ടു സാത്താനുടൻ
കർത്താവിൽനിന്നകന്നുപോയ് ക്ഷിപ്രവേഗത്തിൽ

ഉപവാസം പൂർത്തിയാക്കുമേശു തന്റെ ശുശ്രൂഷയ്ക്കായ്
എത്തീടുന്നു ദൂതഗണം സ്വർഗ്ഗത്തിൽനിന്നും. ■

www.malankaralibrary.com



# യേശുവിന്റെ ജ്ഞാനസ്നാനം

**ദൈ**വത്തിന്റെ കുഞ്ഞാടാകും യേശുവിന്റെ മുന്നോടിയായ്
വഴിയൊരുക്കീടാനെത്തും യോഹന്നാൻ തന്റെ

അസ്ത്രം പോലെ പാഞ്ഞുകേറും വാക്കുകളിലനുതാപം
പൂണ്ടു ബഹുജനങ്ങളും പശ്ചാത്താപത്താൽ.

ആത്മാവിന്റെയഭിഷേകം ചൊരിയുന്ന സ്നാനമേല്ക്കാൻ
ജോർദ്ദാൻ നദിക്കരയിലേക്കെത്തിച്ചേരുന്നു.

പശ്ചാത്താപമേകും തന്റെ ഉപദേശം നൽകിക്കൊണ്ട്
ദൈവത്തിന്റെ ഹിതമാകും ആത്മാഭിഷേകം.

ജലത്താലേയേകീടുന്ന പുനർജനി നൽകിക്കൊണ്ട്
ദൈവരാജ്യത്തിന്റെ ബീജം വിതറീടുന്നു

www.malankaralibrary.com

സ്നാനത്താലെയാത്മാവിനെ വർഷിക്കുന്ന നേരത്തിലും
സ്പഷ്ടമായിട്ടുദ്ഘോഷിക്കും സ്ഥാപകനെന്നും

എന്നേക്കാളുമുന്നതനാം തന്റെ പാതയൊരുക്കുവാൻ
ജന്മം പൂണ്ട വെറുമൊരു ദൂതനാണു ഞാൻ

എന്റെ പിന്നിൽ നിങ്ങൾക്കുള്ള രക്ഷയ്ക്കായി വന്നീടുന്ന
മർത്ത്യപുത്രൻ മുന്നിൽ ഞാനോ വെറും നിസ്സാരൻ

അവൻ കാലിൽ ധരിച്ചീടും ചെരിപ്പിന്റെ കെട്ടഴിക്കാൻ
പോലും യോഗ്യനല്ലാതീടുമെളിയോൻ ഞാനേ

ആത്മാവിലും അഗ്നിയിലുമവൻ സ്നാനം നൽകീടുമ്പോൾ
എന്റെ സ്നാനം വെറും ജലം കൊണ്ടു മാത്രമേ

ഇവ്വിധമാം ഘോഷണത്താൽ സ്നാനം നൽകും സ്നാപകന്റെ
മുന്നിലേക്കു വരുന്നേശു സ്നാനമേറ്റീടാൻ

സർവ്വലോകനാഥനീശൻ ആത്മാവിനെ വർഷിക്കുന്നോൻ
സ്നാനമേൽക്കാൻ തന്റെ മുമ്പിലണയുന്നേരം

യോഹന്നാനോ ചൊല്ലീടുന്നു യേശുവിന്റെ കരങ്ങളാൽ
സ്നാനമേൽക്കാൻ മോഹിക്കുന്നോരെളിയോൻ ഞാനേ

ദൈവസൂനുവിനു സ്നാനം നൽകാൻ ഞാനേ യോഗ്യനല്ല
തടഞ്ഞീടുന്നേവമുര ചെയ്തിട്ടീശനെ

സ്നേഹത്താലെ കർത്തനീശൻ ആശ്വസിപ്പിച്ചരുളുന്നു
വചനങ്ങൾ നിറവേറാനിന്നിതു വേണം

വചനത്തിൻ പൊരുളേറാൻ ക്രിസ്തുവിതാ നിന്നീടുന്നു
യോഹന്നാന്റെ മുമ്പിൽ ജോർദ്ദാൻ ജലത്തിലായി

ആഴിയാകെ തന്റെയൊറ്റ വാക്കിനാലെ നിറച്ചവൻ
കൈക്കുമ്പിളിൽ ജലത്തിനായ് തലവണങ്ങി


www.malankaralibrary.com

ജ്ഞാനസ്നാനം പൂണ്ടനേരം വാനമേഘം ഭയന്നോടി
സ്വർഗ്ഗം തുറന്നിതാ ദിവ്യതേജസ്സിറങ്ങി

അരൂപിയാം ശുദ്ധാത്മാവോ പ്രാവിൻരൂപം പൂണ്ടിറങ്ങി
പുത്രൻ തന്റെ ശിരസ്സിൽ വന്നാവസിക്കുന്നു

അശരീരി വചനത്താൽ പിതാവിതാ മൊഴിയുന്നു
മമസുതനിവനിൽ ഞാൻ പ്രസാദിക്കുന്നു

പരിശുദ്ധ ത്രിത്വമിതാ ആഘോഷമായ് ഭൂവിൽവന്ന്
രക്ഷാകര കർമ്മത്തിനു തിരികൊളുത്തി ■



## കാനായിലെ കല്ല്യാണവിരുന്ന്

**ര**ക്ഷാകരദൗത്യത്തിന്റെ സുവിശേഷം ഭൂതലത്തിൽ
ഘോഷിക്കാനായ് കൂട്ടിച്ചേർത്ത ശിഷ്യരുമൊത്ത്

ഗലീലിലെ കാനായിലെ കല്ല്യാണത്തിൽ പങ്കുചേരാൻ
മാന്യനാകും സ്നേഹിതന്റെ  ക്ഷണം പിൻചെന്ന്

www.malankaralibrary.com

മാതാവാകും മറിയാമിന്നൊപ്പം യേശു എത്തീടുന്നു
ആതിഥേയനാദരവാൽ സ്വീകരിക്കുന്നു

നാട്ടിലേറ്റം പുകൾപെറ്റ മാന്യനാകും ക്ഷണിതാവിൻ
ഏകസുതൻ മംഗല്യത്തിന്നൊരുങ്ങും നാളിൽ

വീഥിയെല്ലാം മോടിയാക്കീട്ടൊരുക്കുന്നു ഭവനത്തിൽ
വിരുന്നിനായ് സർവ്വം സജ്ജമാക്കിത്തീർക്കുന്നു

നവവധൂവരന്മാരാം ദമ്പതിമാരാഗതരായ്
വിരുന്നിന്നായ് വിശിഷ്ടരാമതിഥികളും

സമൃദ്ധമാം സദ്യയോടു ചേർത്തു പകർന്നീടുന്നിതാ
നാട്ടിലേറ്റം വിശിഷ്ടമായ് കരുതും വീഞ്ഞും

മേന്മയേറും വീഞ്ഞിൻ രുചി രസിച്ചോരാമതിഥികൾ
നീട്ടീടുന്നു വീണ്ടും വീണ്ടും വീഞ്ഞിൻ ചഷകം

മതിതീരാതാർത്തിയോടെ വീഞ്ഞിന്നായി ചോദിക്കുമ്പോൾ
കലവറക്കാരൻ പക്കൽ വീഞ്ഞു തീർന്നുപോയ്

സമൃദ്ധമാം വിരുന്നിന്റെ മദ്ധ്യഭാഗത്തെത്തീടുമ്പോൾ
വീഞ്ഞു തീർന്ന മാനക്കേടാൽ ഗൃഹനാഥനും

വിവർണ്ണനായ് വിയർത്തങ്ങു നിസ്സഹായനായി നിന്നു
കണ്ടു നിന്ന മറിയാമോ കാര്യം ഗ്രഹിച്ചു

നസ്രത്തിലെ കുടുംബത്തിൽ തന്റെ പുത്രൻ നിവർത്തിച്ച
അത്ഭുതങ്ങളറിയുന്ന മറിയമിതാ

പുത്രൻ തന്റെ ചാരത്തെത്തി കാതിലിതാ മന്ത്രിക്കുന്നു
വീഞ്ഞു തീർന്നാഗൃഹനാഥൻ വിഷമിക്കുന്നു.

നമുക്കേറ്റം പ്രിയനാകും ക്ഷണിതാവിൻ മാനം കാക്കാൻ
തുണയ്ക്കേണം നീയവനെ നിന്റെ ശക്തിയാൽ

ഇതുകേട്ടിട്ടേശു തന്റെ മാതാവിന്നോടുരചെയ്തു
നമ്മൾ രണ്ടും എല്ലാരേംപോൽ ക്ഷണിക്കപ്പെട്ടോർ

www.malankaralibrary.com

ക്ഷണിക്കുമ്പോൾ കരുതേണം വിരുന്നുകാർക്കൊക്കെതൃപ്തി-
വരാൻപോരും വിഭവങ്ങളന്ത്യംവരേയും

മാതാവിതു ഗൗനിക്കാതെ വേലക്കാരോടുര ചെയ്തു
തന്റെ പുത്രൻ ക്രിസ്തുവിന്റെ ആജ്ഞ പിൻചെല്ലാൻ

'വാതിൽപുറത്തായി കാണും ആറു ഭരണികളെല്ലാം
വക്കോളവും വെള്ളം കോരി നിറച്ചിടുവിൻ'

യേശുവിൽ നിന്നിവ്വിധമാമാജ്ഞകേട്ടിട്ടതുപോലെ
വേഗം ചെയ്തു നിന്നീടുന്നു പരിചാരകർ

അരുളീടുന്നേശുവീണ്ടും കോരിയിതു കൊടുക്കുവിൻ
വിളമ്പീടാൻ കലവറക്കാരൻ പക്കലായ്

പന്തിത്തലവനോ വീഞ്ഞു രുചിച്ചങ്ങുനോക്കിയാറെ
അന്തംവിട്ടു ഗൃഹനാഥന്നോടായ് പറഞ്ഞു

വിരുന്നിന്റെയാദ്യനേരം വിളമ്പുവാൻ കരുതിയ
മേന്മയേറും വീഞ്ഞിനേക്കാളെത്രയോ മെച്ചം

അന്ത്യംവരെ മതിതീരെ വിരുന്നുകാർക്കേകീടുവാൻ
മുന്തിയതാം വീഞ്ഞു നീയും കരുതിയല്ലോ


ശുദ്ധജലം വീഞ്ഞാക്കീട്ടു മാറ്റിയതു ക്രിസ്തുവെന്ന്
ബദ്ധപ്പെട്ടു ഭരണികൾ വേഗം നിറച്ച

പരിചാരകരാസത്യം തുറന്നങ്ങു ഘോഷിക്കുന്നു
പരക്കുന്നീയത്ഭുതത്തിൻ വാർത്ത നാടെങ്ങും

ആദ്യമായിട്ടേശു തന്റെ മഹത്വത്തെ വെളിവാക്കി
പരസ്യമാം ജീവിതത്തിൻ നാന്ദി കുറിച്ചു

നാടുനീളെ ചുറ്റിയേശു സുവിശേഷം ഘോഷിക്കുന്നു
രോഗികളാമനേകർക്കു സൗഖ്യമേകുന്നു. ■

www.malankaralibrary.com



# അത്ഭുതങ്ങൾ

**യേ**ശുവിനെത്തേടിയെത്തും കുഷ്ഠരോഗി യാചിക്കുന്നു
മനസ്സാകുമെങ്കിലെന്നെ ശുദ്ധനാക്കണേ

കുഷ്ഠരോഗിമേലേ കരം തൊട്ടിട്ടേശു അരുളുന്നു
മനസ്സാലെ നിനക്കിതാ ശുദ്ധിയേകുന്നു

ഉടനവൻ സൗഖ്യംനേടി ഓടിയവൻ നാടുനീളെ
പരത്തുന്നു യേശുവിന്റെ അത്ഭുതകൃത്യം

തളർവാതം പിടിപെട്ട ഭൃത്യന്നായി ശതാധിപൻ
യാചിക്കുമ്പോളേശു നൽകുന്നവനും സൗഖ്യം

പത്രോസിന്റെ ഭവനത്തിൽ പനികൂടി കിടക്കുന്ന
അമ്മായമ്മേം തൊട്ടിട്ടേശു സൗഖ്യമാക്കുന്നു

നിരവധിരോഗികളും സാത്താൻ ബാധയേറ്റവരും
യേശുവിന്റെ വചനത്താൽ ശാന്തിനേടുന്നു

ഒരുദിനമേശു തന്നെ ചുറ്റിനില്ക്കും ജനത്തോടായ്
സുവിശേഷം ഘോഷിച്ചങ്ങു നില്ക്കുന്ന നേരം

www.malankaralibrary.com

നാടുവാഴിയോടിവന്നു ദുഃഖത്തോടെ ചൊല്ലീടുന്നു
തനിക്കേറ്റമരുമയാം പുത്രി മൃതിയായ്

യാചിക്കുന്നു വിശ്വാസത്താൽ നാഥന്നേറ്റം ദയതോന്നി
പുത്രിമീതെ കൈകൾവെച്ചു ജീവിപ്പിക്കേണം

നാടുവാഴിക്കൊപ്പം പോകുന്നേശു തന്റെ ശിഷ്യരുമായ്
ചുറ്റുമൊരുപറ്റം ജനം കൂടെക്കൂടുന്നു

തിങ്ങിപ്പോകും ജനങ്ങൾ തൻ നടുവിലായ് നിന്നിട്ടേശു
ചൊല്ലീടുന്നു തന്നെയാരോ തൊട്ടിട്ടുണ്ടല്ലോ

തിരക്കിലും ഞെരുക്കിലും തട്ടിമുട്ടിപോയീടുമ്പോൾ
തൊട്ടതാരെന്നുറപ്പിക്കാനാർക്കാണാവുക

ഏവം ശിഷ്യർ ചോദിക്കുമ്പോളരുളീടുന്നുടനേശു
എന്നിൽനിന്നും ശക്തിയിപ്പോൾ പ്രവഹിച്ചല്ലോ

വ്യാഴവട്ടക്കാലത്തോളം രക്തസ്രാവദുരിതത്താൽ
കഴിഞ്ഞോരാമെളിയ സ്ത്രീ വിശ്വാസപൂർവ്വം

യേശുതന്റെ വസനത്തിനഗ്രേ സ്പർശിച്ചൊരുനേരം
പൂർണ്ണസൗഖ്യമേന്തി മനഃശാന്തി പ്രാപിച്ചു

പരിഭ്രമിച്ചവളോതി സ്പർശിച്ചവൾ ഞാനേ നാഥാ
രോഗശാന്തി ലഭിച്ചോളും ഞാൻ തന്നെയല്ലോ

യേശു മൊഴിയരുളുന്നു ധൈര്യമായി പൊയ്ക്കൊള്ളൂ നീ
നിൻ വിശ്വാസം തുണയേകി നിന്നെ രക്ഷിച്ചു

നാടുവാഴിക്കൊപ്പമേശു ഭവനത്തിനുള്ളേ പൂകി
മൃതിയായി കിടക്കുന്നോൾക്കരികെ നിന്നു

മൃതിപൂണ്ട ബാലികയെ കരം ഗ്രഹിച്ചേശുവിതാ
ഉയർത്തുന്നു നടന്നിതാ പോകുന്നു പുത്രി

www.malankaralibrary.com

സ്വന്തം കണ്ണു വഞ്ചിക്കുന്നോ സത്യമാണോ മിഥ്യയാണോ
സ്വപ്നമാണോ ജനമെല്ലാം വിഭ്രാന്തി പൂണ്ടു

പവനന്റെ തുണയാലെ ആളിക്കത്തും കാട്ടുതീപോൽ
അത്ഭുതത്തിൻ വാർത്ത നാട്ടിൽ പരന്നു വേഗം

തളർവാതം കുഷ്ഠരോഗം ബധിരതയന്ധതയും
മാറാരോഗം ബാധിച്ചോരുമോടിയെത്തുന്നു

പിതൃതുല്യസ്നേഹത്തോടെ രോഗശാന്തി നൽകുന്നേശു
പാപികൾക്കു മോചനവുമരുളീടുന്നു.

യേശുതന്റെ സുവിശേഷം ശ്രവിക്കാനായെത്തീടുന്നു
അനുദിനം ബഹുജനം തന്റെ ചുറ്റിലും

ഇതു കണ്ടിട്ടാധിപൂണ്ടു പരീശൻമാർ പ്രമാണികൾ
യേശുവിനെ കുടുക്കാനായ് തന്ത്രം നോക്കുന്നു

നൻമയേറും സുവിശേഷോമത്ഭുതമാം ചെയ്തികളും
കണ്ടു ജനമേശുവിനെ പിൻചെല്ലുന്നേരം

ജനമെല്ലാമൊഴിയുമ്പോൾ തങ്ങൾക്കുള്ള സ്ഥാനമാന
നഷ്ടത്തിന്റെയുൾപ്പേടിയാൽ വിവശരായി

നിയമജ്ഞർ പരീശന്മാർ യൂദന്മാർതൻ പ്രമാണികൾ
ഇവരെല്ലാം സിനഗോഗിലൊത്തുചേർന്നിട്ട്

ഏതുവിധോമേശുവിന്മേൽ കുറ്റമെല്ലാം ചാർത്തിക്കൊണ്ട്
ശിക്ഷിച്ചില്ലാതാക്കാനുള്ള മാർഗ്ഗം തേടുന്നു

പുണ്യദിനമായീടുന്ന സാബത്തിന്റെ നാളിലേശു
സിനഗോഗിന്നുള്ളിലായി നില്ക്കുന്ന നേരം

തന്റെ ചാരെ ചേർന്നു നില്ക്കും കരം ശോഷിച്ചൊരുവനെ
കണ്ടനേരമാരായുന്നു പരീശന്മാരും

www.malankaralibrary.com

സാബത്തിന്റെ നാളിൽ രോഗശാന്തി നൽകി സൗഖ്യമാക്കാൻ
നിയമത്തിന്നനുവാദം ലഭ്യമാകുമോ

കെണിയായിട്ടുള്ള ചോദ്യമെന്നു കണ്ടിട്ടേശുവപ്പോൾ
പരീശന്മാർ നേരെ ചോദ്യം ചോദിച്ചീടുന്നു

തന്റെ വീട്ടിൽ വളർത്തുന്നോരാടു സാബത്തിന്റെ നാളിൽ
കിണറിന്റെയുള്ളിലേക്കു പതിച്ചീടുകിൽ

പുറത്തെടുത്തതിൻ ജീവൻ രക്ഷിക്കുവാൻ നിയമത്തിൻ
അനുവാദം ലഭ്യമാണോ ചൊല്ലുവിൻ നിങ്ങൾ

വടികൊടുത്തടി വാങ്ങിയെന്ന മട്ടിൽ നിന്നീടുന്ന
പരീശന്മാർ കാൺകേ യേശു അംഗഹീനനെ

പൂർണ്ണസൗഖ്യവാനാക്കീട്ടു ചൊല്ലീടുന്നു പ്രീശരോടായ്
ആടിനേക്കാൾ വിലയേറും മർത്യനാണിവൻ. ■

## യോഹന്നാന്റെ ശിരച്ഛേദം

**യേ**ശുവിന്റെ കീർത്തി നാട്ടിലലയായി പടരുന്നു
ഹേറോദേസിൻ കാതിലുമതെത്തിച്ചേരുന്നു

ഹേറോദേസോ ഭയപ്പാടിലുറപ്പായി പറയുന്നു
ശിരച്ഛേദം ചെയ്യപ്പെട്ട യോഹന്നാനിതാ

ഉയിർ പൂണ്ടിട്ടെത്തീടുന്നു പൂർവ്വാധികം ശക്തിയോടെ
അവനല്ലാതന്യർക്കാർക്കും സാദ്ധ്യമല്ലിത്

ഹേറോദേസു സോദരനാം പീലിപ്പോസിൻ ഭാര്യയായ
ഹേറോദിയായൊത്തുവാസം ചെയ്യുന്ന നേരം

യോഹന്നാനോ വിരൽ ചൂണ്ടീട്ടോതീടുന്നു ഹേറോദേസേ
അന്യൻ ഭാര്യയൊത്തു വാസം വ്യഭിചാരമാ.

www.malankaralibrary.com

മനസ്സാക്ഷിക്കേറ്റ കുത്തിൻ പകപോക്കാൻ ഹേറോദേസു
യോഹന്നാനു കാരാഗ്രഹവാസം കൊടുത്തു

ഹേറോദേസിൻ പിറന്നാളിന്നാഘോഷത്തിൽ പങ്കുചേരാൻ
നാട്ടിൽ സർവ്വപ്രമുഖരും മാന്യരുമെത്തി

മധുചഷകങ്ങളെല്ലാം നിറഞ്ഞങ്ങു നുരയുന്നു
ആർഭാടമാമാഘോഷത്തിൻ മോടികൂട്ടാനായ്

ഹേറോദിയ തന്റെ മകൾ നൃത്തത്തിനായെത്തീടുന്നു
സദസ്സിനെയുന്മാദത്തിലാറാടിക്കുന്നു

നൃത്തത്തിന്റെയുന്മാദത്തിൽ പ്രീതിപൂണ്ട ഹേറോദേസു
ചോദിക്കുന്നതെന്തും നൽകാനുറപ്പും നൽകി

മകളുടനുള്ളിൽ പോയിട്ടമ്മയോടങ്ങാരായുന്നു
എന്താണമ്മേ രാജാവീന്നും സമ്മാനം വേണ്ടൂ

തന്റെ കണ്ണിൽ കരടാകും യോഹന്നാന്റെ ശിരസ്സൊരു
താലത്തിലായ് തരാനമ്മ പറഞ്ഞയച്ചു

നർത്തകിയാം പുത്രിയുടെയഭിലാഷമറിയുവാൻ
ആകാംക്ഷയാൽ കാത്തിരിക്കും ഹേറോദേസോടായ്

മടികൂടാതുരചെയ്തു സ്നാപകന്റെ ശിരസ്സൊരു
താലത്തിലായുടൻ വേണം സമ്മാനമായി

ഹേറോദേസോ യോഹന്നാനെ പ്രവാചകനെന്നപോലെ
ഉള്ളുകൊണ്ടു ഭയന്നങ്ങു കരുതിപ്പോന്നു

മാന്യന്മാർതൻ സദസ്സിലായ് താൻ ചെയ്തൊരു വാഗ്ദാനത്തെ
പാലിക്കുവാൻ ബാദ്ധ്യസ്ഥനാം ഹേറോദേസുടൻ

മനസ്സില്ലാമനസ്സോടെ ഹേറോദിയാ മകളുടെ
അഭിലാഷം നിറവേറ്റാനാജ്ഞാപിക്കുന്നു.

www.malankaralibrary.com

യോഹന്നാന്റെ ശിരസ്സൊരു താലത്തിലായേറ്റുവാങ്ങി
മകൾ അമ്മ ഹേറോദിയാ മുമ്പിലെത്തിച്ചു.

യോഹന്നാന്റെ ശിഷ്യരിതു കേട്ടു തങ്ങൾഗുരുവിന്റെ
മൃതദേഹമേറ്റു വാങ്ങി സംസ്കാരം ചെയ്തു.

യോഹന്നാന്റെ വാർത്ത കേട്ടിട്ടേശുവതിദുഃഖിതനായ്
പിൻവാങ്ങുന്നു വിജനമാം സ്ഥലത്തേക്കായി.

## അപ്പം വർദ്ധിപ്പിക്കുന്നു

യേശു പോയതറിഞ്ഞതാം ജനമെല്ലാം പിമ്പേപോയി
വലിയൊരു പുരുഷാരം തടിച്ചുകൂടി.

ദൈന്യരോഗപീഡിതരും ആശതുണയറ്റവരും
നിറഞ്ഞോരാം ജനക്കൂട്ടം ചുറ്റുംകൂടുമ്പോൾ

അനുകമ്പയുള്ളിൽ തട്ടി വാത്സല്യത്തിൻ സ്വരത്താലേ
സുവിശേഷം ജനങ്ങളിലെത്തിക്കുന്നേശു.

മാറാരോഗക്ലേശത്താലെ വലഞ്ഞോരെ സൗഖ്യമാക്കി
ആശയറ്റ പാപികൾക്കു മോചനമേകി.

ചെവിയോർത്താസുവിശേഷം ശ്രവിച്ചോരാം ജനങ്ങളും
സുവിശേഷം പങ്കുവെച്ച ക്രിസ്തുനാഥനും

നേരം പോയതറിഞ്ഞില്ല സായാഹ്നത്തിൻ സമയമായ്
ശിഷ്യർവന്നിട്ടേശുവിന്നോടുരചെയ്യുന്നു.

ഇരുൾ വന്നു മൂടുംമുമ്പേ ജനങ്ങളെ വീട്ടിൽ വിടൂ
ആഹാരത്തിനവർക്കൊന്നുമിവിടില്ലല്ലോ.

ഇത്രനേരമെന്റെ വാക്കു ശ്രവിച്ചോരാം ജനങ്ങളെ
വ്യർത്ഥമായിട്ടയയ്ക്കുക യുക്തമല്ലല്ലോ.

www.malankaralibrary.com

വിശക്കുമീ ജനങ്ങൾക്കു കഴിക്കുവാനുള്ളതൊക്കെ
നിങ്ങളുടൻ കൊടുക്കീനെന്നരുളുന്നേശു

ചോദിക്കുന്നു ശിഷ്യന്മാരും ഇരുനൂറുദേനാറായ്ക്ക്
ദൂരെ ഗ്രാമേ പോയിട്ടപ്പം വാങ്ങട്ടെ ഞങ്ങൾ.

നിങ്ങൾപക്കലെന്തുണ്ടെന്ന ചോദ്യത്തിനു ചൊല്ലുന്നവർ
അപ്പമായിട്ടഞ്ചെണ്ണവും രണ്ടു മത്സ്യവും

ജനങ്ങളെ മുഴുവനും ചെറുചെറുകൂട്ടമായി
ഇരുത്തുവീൻ പുൽപ്പരപ്പിൻ മീതേയായിട്ട്.

ഏവമുരചെയ്തിട്ടേശു അപ്പം തന്റെ കയ്യിലേന്തി
ആശീർവ്വാദം ചൊരിഞ്ഞിട്ടു മുറിച്ചു നൽകി.

വിളമ്പുവാനായി തന്റെ ശിഷ്യന്മാരേയേൽപിക്കുന്നു
ശിഷ്യന്മാരോ ജനക്കൂട്ടമാകെ വിളമ്പി.

മതിതീരെ ഭക്ഷിച്ചവർ പൂർണ്ണരായും തൃപ്തരായി
ഭക്ഷിച്ചവരയ്യായിരം പുരുഷർതന്നെ.

ശേഷിച്ചതാമപ്പമവർ സൂക്ഷിക്കുന്നു പാഴാക്കാതെ
കൂട പന്ത്രണ്ടെണ്ണമെല്ലാം നിറയുംവണ്ണം.


നാഥൻ തന്റെ മൃത്യുവിന്റെ തലേരാവിൽ പെസഹായിൽ
അപ്പം കയ്യിലേന്തി വാഴ്ത്തി ശിഷ്യർക്കു നൽകി.

എൻശരീരമാകുമപ്പം ഭക്ഷിക്കുന്നോൻ വിശക്കില്ല
നിത്യജീവനവനെന്നും സ്വന്തമാക്കീടും

എന്നരുളുമേശുതന്റെ പദ്ധതിയിൻ മുന്നോടിയോ
ദൈവപുത്രന്നുള്ളിലിരിപ്പാർക്കാണറിയൂ.

■

www.malankaralibrary.com



# മലയിലെ പ്രസംഗം

**ഒ**രുനാളിലേശു തന്റെ ശിഷ്യന്മാരെ കൂടെച്ചേർത്തു
പലസ്തീനാക്കുന്നിലേക്കു പോകുന്ന നേരം

കേട്ടറിഞ്ഞോരത്ഭുതങ്ങൾ നേരിൽത്തന്നെ കാണുവാനും
രോഗശാന്തി സൗഖ്യമിവ പ്രാപിക്കാനുമായ്

തന്നിൽനിന്നും പൊഴിയുന്ന വചസ്സുകൾ കേൾക്കാനായി
കാതോർത്തീടും ജനങ്ങളോടരുളുന്നേശു

ജീവന്നേറ്റമവശ്യമാം ഭൂമിയുടെ ഉപ്പു നിങ്ങൾ
ഉപ്പു തന്റെ സത്തയാകുമുറകെട്ടാലോ

മണ്ണിലിട്ടു ചവിട്ടുവാൻ പര്യാപ്തമാം വസ്തുപോലെ
നിങ്ങളായിത്തീർന്നീടുന്നതെത്രയോ കഷ്ടം.

അന്ധകാരശക്തി തന്റെ ഇരുളിലായ് കഴിയുന്ന
ലോകത്തിനു ദീപ്തിയേറും ദീപമേ നിങ്ങൾ.

www.malankaralibrary.com

ദീപത്തിന്റെ പ്രഭയേറാൻ പീഠത്തിന്മേലുയർത്തുംപോൽ
നിങ്ങൾനന്മ സുകൃതമാം ചെയ്തികളാലെ

സ്രഷ്ടാവാകും ദൈവത്തിന്റെ മഹത്വത്തെ ചുറ്റുപാടും
പരത്തുവാനുന്നതമാം ദീപമായിടൂ

നിങ്ങൾ കാക്കും പ്രമാണങ്ങൾ, കേട്ടിട്ടുള്ള പ്രവചനം
എല്ലാമെന്നിൽതന്നെ പൂർത്തിയായിത്തീരുന്നു.

ആകാശമീഭൂമിയിതും സർവ്വസൃഷ്ടപ്രപഞ്ചവും
ശൂന്യമായിട്ടില്ലാതാകും നിമിഷംവരേം.

വള്ളിപുള്ളി മാറ്റമില്ലാതെൻ നിയമം നിലനിൽക്കും
സത്യമിതു ചൊല്ലീടുന്നു ഗ്രഹിപ്പിൻ നിങ്ങൾ.

എൻ നിയമം കാത്തീടുവാൻ സോദരനെ തുണയ്ക്കുന്നോൻ
സ്വർഗ്ഗരാജ്യവാസികളിൽ കേമനായീടും.

സോദരനെ ദ്വേഷിക്കുന്നോൻ ന്യായവിധിക്കർഹനല്ലോ
ഭോഷനെന്നു ചൊല്ലുന്നോനോ വീഴും നിത്യാഗ്നീൽ.

പ്രപഞ്ചത്തിനുടയോനു ബലിനൽകിയാരാധിപ്പാൻ
ബലിവസ്തുവേന്തി നിങ്ങളണയുന്നേരം

വിരോധത്താൽ പകപൂണ്ടുനിങ്ങളിൽനിന്നകന്നൊരു
സോദരന്റെയോർമ്മ നിങ്ങൾക്കുള്ളേ തോന്നിയാൽ

ബലിവസ്തു ബലിപീഠേ മാറ്റിവച്ചിട്ടുടൻ നിങ്ങൾ
സോദരനെ നേടീടുവിൻ രമ്യതപൂണ്ട്.

ഏവമർപ്പിച്ചീടുംബലി സംപ്രീതനായേറ്റുവാങ്ങി
അനുഗ്രഹമാരിയീശൻ ചൊരിയും നൂനം.

കണ്ണുകരമിവപോലും പാപഹേതുവെങ്കിലവ
ത്യജിക്കുന്നതാത്മാവിനു നേട്ടമായീടും.

www.malankaralibrary.com

അംഗഹീനനായി സ്വർഗ്ഗം പ്രാപിക്കുന്നതുചിതമാം
പൂർണ്ണാംഗനായ് നിത്യാഗ്നിയിലെന്തുനേടുന്നു.

ഒരു ചെകിടുന്നം വെച്ചു ശത്രു നിന്നെയടിക്കുമ്പോൾ
മറുചെകിടവനായി കാട്ടിക്കൊടുക്കൂ.

ശത്രു നിങ്ങൾക്കുണ്ടെങ്കിലോ സ്നേഹിക്കുവീനവനേയും
പീഡ നിങ്ങൾക്കേകുന്നോർക്കായ് പ്രാർത്ഥിച്ചീടുവിൻ

യാചിക്കുന്നോനായി നൽകിൻ വായ്പനൽകി തുണയ്ക്കുവീൻ
നല്ല വാക്കുമാത്രം നാവിൽ പുലർത്തീടുവിൻ.

ദുഷ്ടന്മാർക്കും ശിഷ്ടന്മാർക്കും ഭേദമില്ലാതൊരുപോലെ
ശോഭയേറും കിരണങ്ങൾ നൽകും സൂര്യനും

നീതിമാനും നീതിയില്ലാമനുജനുമൊരുപോലെ
കുളിർനൽകിപോഷിപ്പിക്കും മഴയുമെല്ലാം

സന്തോഷത്തോടേകീടുന്ന സർവ്വശക്തൻ തന്റെ പ്രിയ
സുതരാകുമേവം നിങ്ങൾ വർത്തിച്ചീടുകിൽ

പുണ്യത്തിനായ്സത്കർമ്മങ്ങൾ ചെയ്തീടുമ്പോളോർത്തീടുവിൻ
പ്രശംസയ്ക്കായ് പെരുമ്പറ മുഴക്കീടല്ലേ. ■

## അഷ്ടഭാഗ്യങ്ങൾ

**ആ**ത്മാവിനായ് ദാരിദ്ര്യത്തെ സഹിക്കുന്നോർ ഭാഗ്യവാന്മാർ
സ്വർഗ്ഗരാജ്യമവർക്കെന്നുമുള്ളതാണല്ലോ.

ദുഃഖത്തിന്റെയലകളിലുഴലുന്നോർ ഭാഗ്യവാന്മാർ
ആശ്വാസത്തിൻ തീരമവരണയും വേഗം.

www.malankaralibrary.com

ശാന്തശീലം പാലിക്കുന്നോർ ഭാഗ്യവാന്മാരല്ലോയെന്നും
ഭൂമിയവർക്കെന്നുമവകാശമായീടും.

നീതിക്കായി പശിതൃഷ്ണസഹിക്കുന്നോർ ഭാഗ്യവാന്മാർ
തൃപ്തരായി സന്തോഷത്താൽ കഴിയുമവർ

കരുണാർദ്രഹൃദയത്താൽ ജീവിക്കുന്നോർ ഭാഗ്യവാന്മാർ
കാരുണ്യത്തിൻ മാരിയവർമേലേ ചൊരിയും.

ഹൃദയത്തിൽ പരിശുദ്ധി കാക്കുന്നോരും ഭാഗ്യവാന്മാർ
ദൈവത്തിനെയെന്നുമവർ ദർശിച്ചീടുന്നു.

സമാധാനം സംസ്ഥാപിക്കാൻ കിണയുന്നോർ ഭാഗ്യവാന്മാർ
ദൈവസുതരെന്ന നാമം വീഴുമവർമേൽ.

നീതിക്കായി കൊടുംപീഡ സഹിക്കുന്നോർ ഭാഗ്യവാന്മാർ
സ്വർഗ്ഗരാജ്യമവർ സ്വന്തമാക്കിത്തീർത്തല്ലോ.

മർത്യകുലരക്ഷയ്ക്കായി പിറന്നോനാമെന്നെപ്രതി
പീഡദുഷ്പേരേൽക്കുന്നോരും ഭാഗ്യശാലികൾ.

സ്വർഗ്ഗരാജ്യേ നിങ്ങൾക്കായിട്ടൊരുക്കുന്നൊരമൂല്യമാം
പ്രതിഫലം നിങ്ങൾക്കായി കാത്തിരിക്കുന്നു. ■

## കർതൃപ്രാർത്ഥന

**പ്രാ**ർത്ഥിക്കേണ്ടതേവംവിധമെന്നു ഞങ്ങൾക്കറിയില്ല
പ്രാർത്ഥിക്കുവാൻ ഞങ്ങളെ നീ പഠിപ്പിക്കേണം

ഏവം ശിഷ്യർ യാചിക്കുമ്പോൾ നാഥനരുൾചെയ്തീടുന്നു
കർത്തനോടായിപ്രകാരം പ്രാർത്ഥിപ്പീൻ നിങ്ങൾ:

www.malankaralibrary.com

സ്വർഗ്ഗേവാഴും മമതാതാ തവനാമം പൂജിതമേ
അങ്ങേ രാജ്യം ഭൂതലത്തിൽ വാണീടേണമേ.

തവഹിതം സ്വർഗ്ഗേപോലെ ഭൂതലത്തിലായീടട്ടെ
അന്നന്നായി ഞങ്ങൾക്കുള്ളോരപ്പം തരണേ.

ക്ഷമിക്കേണം ഞങ്ങൾക്കുള്ള പാപകടമൊക്കേയുമേ
ഏവം ഞങ്ങൾ തമ്മിൽ തമ്മിൽ ക്ഷമിക്കുംപോലെ.

പാപപ്രലോഭനങ്ങളിൽ വീഴാതെന്നും കാത്തീടണേ
പൈശാചികദുഷ്ടതയിൽ പെടുത്തീടല്ലേ.

രാജ്യം ശക്തി  മഹത്വങ്ങൾക്കെന്നും നീയേ യോഗ്യൻ തന്നെ
ഇവയെന്നുമെന്നും നിനക്കുള്ളതാണല്ലോ.

മോഷ്ടാക്കൾക്കും കീടങ്ങൾക്കും തുരുമ്പിനുമിരയാകാൻ
ഈ ലോകത്തിൽ നിധി നിങ്ങൾ സൂക്ഷിച്ചീടല്ലേ.

ഭദ്രമായ സ്ഥാനമാകും സ്വർഗ്ഗരാജ്യേ നിക്ഷേപിക്കൂ
നിങ്ങൾക്കതു നിത്യജീവനേകീടും നൂനം.

ദൈവത്തേയും ധനത്തേയും തുല്യമായി സ്നേഹിക്കല്ലേ
യജമാനനേകനല്ലേ ദാസന്മാർക്കാകൂ.

നാളെയെന്ന ദിനത്തിനായാധിപൂണ്ടു കരുതല്ലേ
പറവകൾ നിങ്ങൾക്കൊരു പാഠമാകട്ടെ.

മുന്നേ നിങ്ങൾ ദൈവരാജ്യവഴികളെ തേടീടുവിൻ
ഏകും നാഥൻ നിങ്ങൾക്കൊക്കെ വേണ്ടവയെല്ലാം

സോദരനെ വിധിക്കുവാനർഹനായിട്ടാരുമില്ല
തന്റെ വിധി തനിക്കുമേൽ തിരിയും നൂനം.

കണ്ണിൽ തടിക്കഷണത്തെ പേറുന്നോനു സോദരന്റെ
കണ്ണിൽ വീഴും കരടിനെ കാണാനാവുമോ.

www.malankaralibrary.com

അന്വഷിപ്പീൻ കണ്ടെത്തീടും യാചിച്ചീടിൻ ലഭിച്ചീടും
മുട്ടിനോക്കിൻ നിങ്ങൾക്കായി തുറന്നു കിട്ടും.

സ്വർഗ്ഗസ്ഥനാം പിതാവിതാ നന്മ മക്കൾക്കേകീടുവാൻ
സ്നേഹവായ്പാൽ സദാനേരം കാത്തിരിക്കുന്നു.

വിശാലമാം പാത നിത്യനാശത്തിന്റെ പാതയത്രേ
നിത്യജീവനുള്ളപാതയെത്ര ചെറുതോ.

കുഞ്ഞാടിന്റെ വേഷം പൂണ്ടു വരുന്നോരാ വ്യാജന്മാരെ
സൂക്ഷിക്കുവിൻ ചെന്നായ് സമമുള്ളവരവർ.

അധരത്താൽ മാത്രമുള്ളോരാരാധന കൊണ്ടുമാത്രം
സ്വർഗ്ഗരാജ്യം പൂകീടുവാനാർക്കുമാവില്ല.

സ്വർഗ്ഗസ്ഥനാം പിതാവിന്റെ ഹിതം നിറവേറ്റി നിങ്ങൾ
സ്വർഗ്ഗപ്രാപ്തി നേടുവാനായൊരുങ്ങീടുവിൻ.

ഇന്ദ്രിയത്തിൻ മോഹത്താലെ നാരിയെ നീ നോക്കീടുമ്പോൾ
ഹൃദയത്തിൽ വ്യഭിചാരക്കുറ്റം ചെയ്യുന്നു.

ഈ ലോകത്തിൽ സുഖസൗഖ്യമെല്ലാംതന്നെ നേടിയാലും
ആത്മാവിനെ നഷ്ടമാക്കിലെന്തു നേട്ടമോ.

എന്റെ വാക്കുകേട്ടിട്ടേവം ജീവിക്കുന്നോൻ പാറമേലെ
വീടുകെട്ടും ബുദ്ധിമാനു സദൃശ്യനല്ലോ.

കൊടുങ്കാറ്റും പേമാരിയും ആഞ്ഞടിച്ചാൽ പതിക്കാത്ത
വീടുപോലെ ക്ലേശങ്ങളിൽ പതറില്ലവൻ. ■

www.malankaralibrary.com

# വിതക്കാരന്റെ ഉപമ

**രോ**ഗശാന്തിയേകിക്കൊണ്ടും പാപമുക്തി നൽകിക്കൊണ്ടും
നാടിൻ നാനാഭാഗേ യേശു നടന്നിടുന്നു.

സുവിശേഷമെളുപ്പത്തിൽ ജനഹൃത്തിൽ പതിയുവാൻ
ഉപമകൾ വർണ്ണിച്ചേശു പഠിപ്പിക്കുന്നു.

വചനത്തിൻ മാംസരൂപം പൂണ്ടോരേശുവചനത്തെ
ഗ്രഹിപ്പിക്കാൻ വർണ്ണിക്കുന്നീയുപമയേവം.

വിതക്കാരൻ വിത്തുമേന്തി വിതയ്ക്കുവാനിറങ്ങുന്നു
വിളനിലം മുഴുവനായ് വിതറീടുന്നു.

വിതച്ചതാം വിത്തിൽകുറെ വഴിയോരേ വീണിടുന്നു
പറവകൾക്കിവയൊക്കെയാഹാരമായി.

ഒപ്പം വീണവിത്തിൽ കുറെ പാറമേലെ പതിക്കുന്നു
പാടപോലെയുള്ള മണ്ണിൽ മുളയെടുത്തു

ഉച്ചസൂര്യൻതന്റെ ചൂടിൽ വാടീടുന്നു മുളയെല്ലാം
മണ്ണും വേരും തുണയായിട്ടില്ലായ്കയാലെ

ചില വിത്തോ വീണിടുന്നു മുൾച്ചെടികൾ നടുവിലായ്
മുളച്ചങ്ങു പൊങ്ങീടുന്നീ വിത്തിനെയെല്ലാം

ശക്തിയോടെ വളരുന്ന മുൾച്ചെടികൾ ഞെരുക്കുന്നു
ഫലമില്ലാതവയന്ത്യം പ്രാപിച്ചീടുന്നു.

ഒരു കൂട്ടം വിത്തുകളോ പുഷ്ടയായി മണ്ണിൽ വീണു
പുഷ്ടിയായി വളർന്നു വൻ ഫലവുമേകി.

ഘോഷിതമാം വചനത്തെ പലജനം പലവിധം
ഉൾക്കൊള്ളുന്നു തൻപ്രകാരം ഫലമേകുന്നു.

www.malankaralibrary.com

നാഥൻ തന്റെ വചനത്തെ ഹൃത്തിലേക്കു കേറ്റീടാതെ
കാതിൽതന്നെ കവർന്നീടാൻ സാത്താനെത്തുമ്പോൾ

മൗനമായിട്ടനുവാദം നൽകീടുന്ന മർത്യനല്ലോ
പാതയോരേ പതിച്ചൊരു വിത്തിൻ സാദൃശ്യം.

കാതിലേറും വചനത്തെയാവേശത്താൽ പിൻചെല്ലുമ്പോൾ
അതിവേഗം പരീക്ഷയിൽ താറടിയുന്നു.

വചനത്തിൻ ശ്രവണത്താലുത്സുകരായ് ജീവിച്ചോരോ
ധനമാനമോഹാദികൾ ഞെരുക്കിടുമ്പോൾ

വചനത്തിൽ പതറുന്നോരിവരല്ലോ മുൾച്ചെടികൾ
നടുവിലായ് പതിച്ചതാം വിത്തിൻ സദൃശ്യർ.

വിശ്വാസത്തിൽ വേരില്ലാതെ വചനത്തെ പിൻചെന്നോരോ
പാറമേലേ വീണ വിത്തിൻ സമമായീടും.

വചനത്തെ ഹൃത്തിലേറ്റി ദൈവഹിതം നിറവേറ്റി
നൂറുമേനി ഫലം പറ്റി നാകം പൂകുന്നോർ.

പാകമായ നല്ല മണ്ണിൽ പതിച്ചതാം വിത്തിൽ നിന്നും
നൂറുമേനി ഫലം നൽകും വിത്തിൻ സദൃശ്യർ.

ഇവ്വിധമാമുപമകളനവധി നൽകിയേശു
സുവിശേഷം ജനങ്ങൾക്കായ് പകർന്നീടുന്നു. ■

www.malankaralibrary.com



# ദേവാല ശുദ്ധീകരണം

**ഈ**ജിപ്റ്റിലെയടിമത്തം വിട്ടുമുക്തിനേടിക്കൊണ്ടു
വിജയത്താൽ വാഗ്ദാനമാം നാട്ടിലേക്കുള്ള

പുറപ്പാടിൻ ദിനമാകും പെസഹായിന്നോർമ്മയെന്നും
മുറപോലെ യഹൂദന്മാർ ഘോഷിച്ചീടുന്നു.

പൂർവ്വീകർതൻ പെരുന്നാളാം പെസ്സാഹായിന്നാഘോഷങ്ങൾ
സർവ്വം വ്യാപിച്ചങ്ങുനില്ക്കും ജറുസലേമിൻ

ദേവാലയം പൂകീടുവാൻ ശിഷ്യന്മാരൊത്തമ്മയുമായ്
ദൈവപുത്രൻ യേശുവിതാ ഗമിച്ചീടുന്നു.

യഹോവയാം ദൈവത്തിന്റെ ഭവനമാമാലയത്തിൽ
ബഹുവിധ വ്യാപാരങ്ങൾ നടമാടുന്നു.

കാളയാടുപ്രാവുകളെ വിറ്റുകീശനിറയ്ക്കുന്ന
വ്യാപാരികൾ ദേവാലയം ചന്തപോലാക്കി.

ഒരു മൂലയ്ക്കിരിക്കുന്നു പണക്കൊതിയന്മാരായ
ഒരു പറ്റം വിനിമയ പ്രമുഖന്മാരും

www.malankaralibrary.com

ദേവാ നിന്റെയാലയത്തിൻ ചിന്തയെന്നെ ഗ്രസിക്കുന്നു
ഏവം ദാവീദുരചെയ്ത പ്രവചനത്തെ

നിറവേറ്റി കർത്താവിതാ പുറത്താക്കുന്നേവരേയും
ശുചിയാക്കുന്നാലയത്തെയധികാരത്താൽ.

ചൊന്നീടുന്നു നാഥനേവം ഇവിടമെൻ പിതാവിന്റെ
ഭവനത്തെ ചന്തയാക്കി തകർകത്തീടല്ലേ.

എന്തോരധികാരം പൂണ്ടിട്ടേവമിതു ചൊന്നീടുന്നു
ആക്രോശിക്കുന്നരിശത്താൽ ജൂതമുഖ്യന്മാർ.

തകർക്കുവീനീയാലയം മൂന്നാംദിനമിതിനെ ഞാൻ
പൂർവ്വാധികം മഹത്വത്താൽ പണിതുയർത്തും.

ഏവമേശു മൊഴിയുമ്പോൾ മിഴികണ്ണുകാട്ടിക്കൊണ്ടു
ചോദിക്കുന്നു യൂദന്മാരോ യേശുവിനോടായ്

നാല്പത്താറുവത്സരത്തിന്നത്യദ്ധ്വാനം കൊണ്ടു തീർക്കും
ആലയത്തെ മൂന്നാം ദിനം പൂർത്തിയാക്കുമോ?

രക്ഷാകരദൗത്യത്തിന്റെ വിജയമാമുത്ഥാനത്തെ
പ്രവചിക്കുന്നേശുവെന്നു ഗ്രഹിച്ചില്ലാരും

മൃതിപൂണ്ടാകബറീന്നും മൂന്നാംനാൾ താനുയിർത്തപ്പോൾ
നാഥന്നരുളിന്റെ പൊരുളോർക്കുന്നു ശിഷ്യർ ■

www.malankaralibrary.com

## സുവിശേഷഘോഷണം - തുടർച്ച

സ്വർഗ്ഗരാജ്യം പ്രാപിക്കുവാൻ പാപത്തിൽ നിന്നകലുവിൻ
പശ്ചാത്താപം പൂണ്ടു പാപം വെടിയിൻ നിങ്ങൾ.

ആദാമിനേം ഹവ്വായേയും സ്വന്തം കയ്യാൽ മെനഞ്ഞതാം
ത്രിത്വമാകും ദൈവത്തിലെ പുത്രനാണു ഞാൻ.

സ്നേഹത്തിന്റെ പാരമ്യത്തിൽ ത്രിത്വൈയേക ദൈവത്തിന്റെ
അംശം നൽകി മെനഞ്ഞതാം മർത്ത്യഗണത്തെ

പാപത്തിന്റെ മധുരമാമിരകളെയൊരുക്കീട്ടു
സാത്താനിതാ നിങ്ങൾക്കായി പരതുന്നെന്നും.

ഏദനിലെ മോഹനമാം പഴം നൽകി ജയം പൂണ്ടു
കായേനേയും കയ്യിലാക്കി വിജയിച്ചവൻ

സാത്താൻ തന്റെ കുടിലമാം ചതിയിൽ വീണുഴലുന്ന
ഏഴയാകും മർത്ത്യകുല രക്ഷക്കായിതാ

ദൈവത്തിന്റെയനന്തമാം സ്നേഹത്തിൽനിന്നുരുവാകും
രക്ഷാകരപദ്ധതിയാൽ മർത്ത്യനായി ഞാൻ.

പാപമെന്യേ പൂർണ്ണമാകും മർത്ത്യവേഷം പൂണ്ടീടും ഞാൻ
പൂർണ്ണനാകും ദൈവത്തിന്റെ പുത്രനുമാണേ.

രക്ഷക്കായീയുലകത്തിൽ എന്റെ നാമമല്ലാതൊരു
നാമം നിങ്ങൾക്കൊരിക്കലും കിട്ടാനില്ലല്ലോ.

എന്നിൽക്കൂടിയല്ലാതാരും സ്വർഗ്ഗരാജ്യം പൂകീടില്ല
വഴിസത്യം ജീവനിവ എന്നിൽമാത്രമേ.

സ്വർഗ്ഗരാജ്യം ജനതകൾക്കെത്തിക്കുവാൻ കൂട്ടിച്ചേർത്ത
ശിഷ്യരേയും കൂട്ടീട്ടേശു നാടുചുറ്റുന്നു

www.malankaralibrary.com

പലവിധരോഗത്താലെ വലയുന്നോരെല്ലാർക്കുമായ്
പൂർണ്ണസൗഖ്യമേകി യേശു കീർത്തിനേടുന്നു.

നാടിൻ നാനാദിക്കിൽനിന്നും എത്തീടുന്നു കുരുടന്മാർ
കുഷ്ഠരോഗിതളർവാതരോഗപീഡിതർ.

എത്തീടുന്നോരേവർക്കുമായേകീടുന്നു രോഗശാന്തി
ഒപ്പം സർവ്വപാപത്തിന്റെ മോചനമെല്ലാം.

സാബത്തിന്റെ നാളിലൊക്കെ സിനഗോഗിലേശു തന്റെ
സുവിശേഷം യഹൂദർക്കായ് ഘോഷിച്ചീടുന്നു. ■

## ബധിര - മൂകർക്ക് സൗഖ്യമേകുന്നു

ഗലീലിയാ കടലിന്റെ തീരത്തൊരു നാളിലേശു
ശിഷ്യർക്കായി സുവിശേഷം പകർന്നിടുമ്പോൾ

നാവും കാതുമൊരുപോലെ സ്തബ്ധനാകുമൊരുവനെ
ബന്ധുമിത്രജനം തന്റെ മുമ്പിലെത്തിച്ചു.

ബധിരനും മൂകനുമാമിവനെ നിൻ കൈകൾവെച്ചു
കേൾവി സംസാരത്തിൻ കൃപ നൽകേണേ നാഥാ

ഏവം യാചിച്ചെത്തീടുന്ന ജനങ്ങൾക്കു കാൺകെ യേശു
തന്റെ വിരലവൻകാതിന്നുള്ളിലിടുന്നു

തന്റെ വിരൽ വായിൽ തൊട്ടിട്ടവൻ വായിൽ സ്പർശിക്കുന്നു
സ്വർഗ്ഗേ നോക്കീട്ടുരചെയ്തു 'എഫേത്താ'യെന്ന്

ഉടനവൻനാവിൻ കെട്ടങ്ങഴിയുന്നു ചെവികളും
തുറന്നവൻ സംസാരിക്കുന്നാരോഗ്യവാനായ്.

യേശു തന്റെയേകവാക്കിന്നത്ഭുതത്താലന്തംവിട്ടു
ജനമെല്ലാമേശുവിനെ പുകഴ്ത്തീടുന്നു ■

www.malankaralibrary.com

# ഏഴപ്പം വർദ്ധിപ്പിച്ച്
# നാലായിരം പേർക്കു നൽകുന്നു

നിത്യജീവനേകീടുന്ന വചനങ്ങൾ ശ്രവിപ്പാനും
അത്ഭുതങ്ങൾ കണ്ടീടാനും കൊണ്ടീടാനുമായ്

പുരുഷാരം തന്റെ ചുറ്റും നിലമറന്നിരിക്കുന്നു
വിശന്നങ്ങു വലയുന്നീ ജനത്തെ നോക്കി

അനുകമ്പ തോന്നീട്ടേശുവരുളുന്നു ശിഷ്യരോടായ്
തളർന്നീടുമിവർക്കൊക്കെയാഹാരം നൽകീൻ

നാഥന്നാജ്ഞ കേട്ടിട്ടവർ സന്ദേഹത്തോടോതീടുന്നു
വിജനമീനാട്ടിലൊന്നും കിട്ടാനില്ലല്ലോ

മുൻപുനാളിലൻപുതോന്നി നാഥനപ്പമഞ്ചുകൊണ്ട്
വിശന്നങ്ങുവലഞ്ഞതാം ജനത്തിനാകെ

ആവശ്യത്തിലധികമായാഹാരത്തെ നൽകി യേശു
പോഷിപ്പിച്ചതപ്പസ്തോലർ മറന്നുപോയോ?

അന്നാനാളിൽ ചോദിച്ചതാം ചോദ്യമേശുവാവർത്തിച്ചു
നിങ്ങൾ പക്കലപ്പമെത്ര നോക്കീടിൻ നിങ്ങൾ.

അപ്പമായിട്ടേഴെണ്ണവും കുറെ ചെറുമത്സ്യങ്ങളും
ഇത്രമാത്രമിവിടെങ്ങൾ പക്കലായുള്ളൂ.

തന്നിൽ നിന്നും പൊഴിയുന്ന ജീവനേറും വചനങ്ങൾ
കേട്ടീടുവാൻ ചുറ്റുംകൂടും ജനത്തോടായി


വരിയായിട്ടിരിക്കുവാനാജ്ഞ കൊടുത്തേശു പിന്നെ
അപ്പമേഴും കയ്യിലേന്തീട്ടാശീർവ്വദിച്ചു.

www.malankaralibrary.com

മുറിച്ചങ്ങുകൊടുത്തിട്ടു ശിഷ്യന്മാരോടരുൾ ചെയ്തു
വിളമ്പുവിൻ ജനമെല്ലാം ഭക്ഷിച്ചീടട്ടെ.

ഏഴപ്പത്തിൻ പൊലിമയിൽ നാലായിരം പേരാണല്ലോ
മതിതീരെ ഭക്ഷിച്ചങ്ങു തൃപ്തരായവർ.

ശേഷിച്ചതാമപ്പമേഴും കൊട്ടനിറച്ചെടുത്തവർ
വിശന്നീടും പാവങ്ങൾക്കായ് വീതിച്ചീടുവാൻ ■



## യേശുവിന്റെ രൂപാന്തരീകരണം

**യേ**ശു തന്റെ ശിഷ്യരാകും പത്രോസ്യാക്കോബ്യോഹന്നാനീ
മൂവർപേരേം കൂട്ടി മലമേലേ കയറി-

ശിഷ്യരുമൊത്തേശുതന്റെ പ്രർത്ഥനയിൽ മുഴുകുമ്പോൾ
മറുരൂപം പ്രാപിച്ചേശു തേജോമയനായ്.

യേശുവിന്റെ തിരുമുഖം ശോഭിക്കുന്നു സൂര്യനേക്കാൾ
വസനത്തിൻ വെൺപ്രഭയാൽ കണ്ണുമഞ്ചുന്നു.

www.malankaralibrary.com

തന്റെ ചാരെവന്നണയുമേലിയായേം മൂശയേയും
ശിഷ്യർ മുഖാമുഖമിതാ ദർശിച്ചീടുന്നു

യേശുവിന്റെ രക്ഷാകർമ്മപദ്ധതിയിൻ നാൾവഴികൾ
അഭൗമികരന്യോന്യമായ് പങ്കുവെയ്ക്കുന്നു

ദൃശ്യമിതു കണ്ടിട്ടതിഭ്രമത്തോടെ നില്ക്കും പത്രോസ്
നാഥന്നോടായേവമുര ചെയ്തീടുന്നല്ലോ.

നാഥാ ഞങ്ങളൊരുക്കീടാം മൂന്നു നല്ലഭവനങ്ങൾ
നിനക്കായും മൂശയ്ക്കായുമേലിയായ്ക്കുമായ്.

മഹനീയമിന്നീസ്ഥലം എത്രയെത്രമനോഹരം
ഗേഹമിവിടുണ്ടായ്കയിലെത്രയോ മെച്ചം.

നേരമല്പം കഴിയുമ്പോൾ മൂടിവരും വെൺമേഘത്തിൻ
ഉള്ളിലായി മറയുന്നു മൂശയേലിയാ.

മേഘത്തിന്റെയുള്ളിൽ നിന്നും മൊഴിയുന്നോരശരീരി
എൻപ്രിയനാം സുതനിവൻ വചനം കേൾപ്പീൻ.

ഭയത്താലെ നിലംപൊത്തി വീഴുന്നോരാശിഷ്യന്മാരെ
സ്പർശിച്ചേശുവരുളുന്നു ഭയപ്പെടേണ്ടാ.

ശിഷ്യർ മൂവർ നാലുപാടും നോക്കുമ്പോഴോ നില്ക്കുന്നേശു
തങ്ങൾക്കൊപ്പം മലകേറും രൂപത്തിൽ തന്നെ.

ശിഷ്യന്മാരെ ചാരെ വിളിച്ചരുളീടുന്നേശുവേവം
മൃത്യുവരിച്ചൊരുനാൾ ഞാൻ കബറിലാകും.

മൂന്നാം ദിനം കബറീന്നും മഹത്വത്തോടുയിർക്കും ഞാൻ
അന്നാൾവരെ സൂക്ഷിപ്പീനീ രഹസ്യം നിങ്ങൾ.

മൃത്യു കഴിഞ്ഞുത്ഥാനമോ മർത്യർക്കിതു സാദ്ധ്യമാണോ
ഏവം ചിന്തിച്ചന്തം വിട്ടിട്ടിറങ്ങി മൂവർ.

www.malankaralibrary.com

# പത്രോസിന്റെ വിശ്വാസപ്രഖ്യാപനം

**വ**ചനമാം സുവിശേഷം നാട്ടിലെങ്ങും പ്രഘോഷിച്ചും
അത്ഭുതമാം രോഗശാന്തി പാപമുക്തിയും

നൽകി ചുറ്റിത്തിരിഞ്ഞേശു കേസറിയാഫിലിപ്പിയിൽ
എത്തിടുമ്പോളാരായുന്നു ശിഷ്യന്മാരോടായ്

ക്രിസ്തുവാകുമെന്നെ മർത്യരെപ്രകാരം കണ്ടീടുന്നു
ആരായിട്ടാണവരെന്നെ കരുതീടുക?

ശിരച്ഛേദം ചെയ്യപ്പെട്ട സ്നാപകനാം യോഹന്നാനു
പുനർജീവൻ പ്രാപിച്ചിവിടെത്തിച്ചേർന്നെന്നും

പ്രവാചകനേലിയായോ ലിഖിതത്തിൽ പറയുംപോൽ
വീണ്ടുമുയിർ പ്രാപിച്ചിവിടെത്തിച്ചേർന്നെന്നും

അതുമല്ല ദീർഘദർശി ജെറമിയാ വീണ്ടുമൊരു
ജന്മം പൂകി ജനങ്ങളെ നയിക്കുന്നെന്നും

മൺമറഞ്ഞ പ്രവാചകർതന്നിലൊരാളുയിർപ്പൂണ്ടു
വീണ്ടും ജനമദ്ധ്യേ വന്നു ഘോഷിക്കുന്നെന്നും

ഏവം വിധം ബഹുജനം പലവിധം പറയുന്ന
ശ്രുതിയൊക്കെ നാടുനീളെ പരന്നീടുന്നു

ഏവം ശിഷ്യർ ചൊല്ലീടുമ്പോളാരായുന്നു ക്രിസ്തുനാഥൻ
ആരായിട്ടാണെന്നെ നിങ്ങൾ കരുതീടുക?

നാഥൻ തന്റെ ചോദ്യത്തിനു മടികൂടാതുടൻതന്നെ
പത്രോസിതാ മറുപടി പറുയുന്നേവം

നിത്യമായും  ജീവിക്കുന്ന ദൈവത്തിന്റേയേകപുത്രൻ
ക്രിസ്തു നീയെന്നുറപ്പല്ലോ ഞങ്ങൾക്കേവർക്കും

www.malankaralibrary.com

യേശുവുടനരുളുന്നു യോനാസുതൻ ശിമയോനെ
ഭാഗ്യവാന്മാർതന്നിലേറ്റം ഭാഗ്യമുള്ളോൻ നീ

മാംസരക്തമല്ല നിന്റെ ചൊല്ലിൻപിന്നിലെന്നറിയൂ
സ്വർഗ്ഗേവാഴുമെൻ പിതാവിൻ ശക്തിമാത്രമേ

നിന്നോടു ഞാൻ ചൊന്നീടുന്നു പത്രോസാകുംപാറ നീയേ
ഇതിന്മേലെൻ സഭയെ ഞാൻ പണിതുയർത്തും

നരകത്തിൻ വാതിലതിനെതിരായിട്ടുയരില്ല
സ്വർഗ്ഗത്തിന്റെ താക്കോൽ നിന്റെ കയ്യിലേല്പിക്കും

ഇഹലോകേ നിന്റെ കയ്യാൽ കെട്ടപ്പെട്ടീടുന്നതെല്ലാം
പരലോകേ കെട്ടപ്പെട്ടതായിട്ടിരിക്കും

ഇഹലോകേ നിന്റെ കയ്യാലഴിക്കപ്പെട്ടീടുന്നതോ
പരലോകേയഴിഞ്ഞതായ് തന്നെ ഭവിക്കും

ഏവമേശു പത്രോസിനെയധികാരമേല്പിച്ചിട്ടു
താൻ സ്ഥാപിക്കും സഭയ്ക്കുള്ള തലവനാക്കി

മർത്യകുലരക്ഷയ്ക്കായി പീഡമൃത്യുവുത്ഥാനത്താൽ
പൂർണ്ണമാകും തന്റെ രക്ഷാകർമ്മത്തിൻ ദൗത്യം

ശിഷ്യന്മാരോടുര ചെയ്യുന്നേരം പത്രോസ് വിലക്കുന്നു
പീഡകഷ്ടമേറ്റീടാനായ് നിന്നീടല്ലേ നീ

പത്രോസിനെ ശാസിച്ചുംകൊണ്ടേവമേശു ചൊന്നീടുന്നു
ലക്ഷ്യമിതു നേടാനല്ലോ മർത്യനായി ഞാൻ

മർത്യകുലപാപത്തിന്റെ പരിഹാരം നേടീടുവാൻ
ബലിയായിട്ടെന്റെ  ജീവനർപ്പിച്ചീടും ഞാൻ

രക്ഷാകരകർമ്മത്തിന്റെ പൂർത്തിയാകുമെന്റെ  ബലി
തടഞ്ഞീടാനാവില്ലതിനൊരുങ്ങീടല്ലേ

ഏവംനാഥൻ പത്രോസിനെ വിശ്വാസത്തിലുറപ്പിച്ചു
സഭതന്റെ തലവനായ് സ്ഥിരീകരിച്ചു. ■

www.malankaralibrary.com

# ലാസറിനെ ഉയിർപ്പിക്കുന്നു

**ബ**ഥാനിയാ ഗ്രാമത്തിലെ കൊച്ചുവീട്ടിൽ പാർത്തീടുന്ന
മാർത്ത മേരി സോദരനാം ലാസറുമൊപ്പം

യേശുവിന്റെ സുവിശേഷം ഹൃത്തിൽ തട്ടീട്ടുളവാകും
വിശ്വാസത്താലേശുവിനെ പിഞ്ചെല്ലുന്നിവർ.

പശ്ചാത്താപം പൂണ്ടു തന്റെ പാപമെല്ലാം വെടിഞ്ഞിട്ടു
മേന്മയേറും സുഗന്ധവുമേന്തി മേരിയും

അണയുന്ന കർത്തൻചാരെ പൂശീടുന്നീ സുഗന്ധമാം
തൈലത്താലെയീശൻതന്റെ പാവനദേഹം

സ്വർണ്ണവർണ്ണ പ്രഭയേറും തന്റെ മുടി നീട്ടിയിട്ടു
തുടയ്ക്കുന്നു മേരി തന്റെ നാഥന്റെ പാദം

ഏവം വിധമേശുവിനെ കർത്താവായിട്ടുള്ളിലേറ്റി
പിഞ്ചെല്ലുന്നു സോദരങ്ങൾ മൂവർ നാഥനെ

യേശുവിന്റെ സുവിശേഷം പ്രവൃത്തിയിൽ പ്രഘോഷിച്ചു
സന്തോഷത്താൽ സ്നേഹത്തോടെ കഴിയുന്നേരം

സോദരനാം ലാസറിതാ രോഗത്താലെ വലയുന്നു
യേശു പ്രാന്തദേശത്തുണ്ടെന്നറിയുംമേരി

സോദരനു രോഗശാന്തിയേകീടുവാനേശുവിനെ
അറിയിക്കാനയയ്ക്കുന്നു ദൂതനെ മേരി

ദൂതൻതന്റെ വാക്കുകേട്ടിട്ടരുളീടുന്നേശുവേവം
അന്ത്യം തേടീട്ടല്ലീ രോഗം ലാസറിൽ വന്നു

www.malankaralibrary.com

ദൈവത്തിന്റെ മഹത്വത്തെ വെളിവാക്കിത്തീർത്തീടാനും
ഏവം പുത്രൻതൻ മഹത്വം ഘോഷിച്ചീടാനും

ഹേതുവായി തീരാനല്ലോ ഭക്തനാകും ലാസറിനെ
ഏവം രോഗിയാക്കിത്തീർത്തെന്നറിയൂ നിങ്ങൾ

സോദരനു തുല്യമായി ലാസറിനെ സ്നേഹിച്ചിട്ടും
രണ്ടു നാളു പാർത്തിട്ടേശു ബഥാനിയക്കായ്

ഗമിക്കുമ്പോളെതിരേൽക്കാൻ മാർത്തയിതായെത്തീടുന്നു
കദനത്താൽ വിതുമ്പിക്കൊണ്ടുരചെയ്യുന്നു.

നാഥാ നിന്നെയറിയിക്കുംനേരത്തു നീ വന്നീടുകിൽ
എൻസോദരൻ നമ്മൾക്കൊപ്പമിന്നു കണ്ടേനേം

മൃത്യുവരിച്ചവനിന്നു നാലുനാളുപിന്നിട്ടല്ലോ
നിൻ സ്നേഹത്തിൻ ശക്തിയെന്തേ കാട്ടീടാൻ വൈകി

നാഥനുടനരുളുന്നു നിൻസോദരനുയിരേകും
മാർത്തായുടൻ വ്യഥയോടെയുരചെയ്യുന്നു.

അന്ത്യനാളിൽ വിധിനേരമർഹമായ സ്വർഗ്ഗഭാഗ്യം
നേടാനവനുയിർക്കുമെന്നറിയൂ ഞാനും

മർത്യരക്ഷനേടീടുവാൻ മർത്യനായി തീർന്ന ദൈവം
തന്റെ ദൗത്യം മാർത്തായോടായരുളുന്നേവം

ദൈവപുത്രൻ ഞാനാണെന്നു വിശ്വസിക്കുംമർത്യൻ മൃത്യു
പ്രാപിച്ചാലുമുത്ഥാനത്താൽ ജീവിക്കും നൂനം

ജീവൻ പുനരുദ്ധാനവുമെന്നിൽതന്നെയെന്നുള്ളൊരു
വിശ്വാസത്താൽ ജീവിക്കുന്നോൻ ജീവിക്കും നിത്യം.

നാഥൻതന്റെയാഗമനം മാർത്തായിൽനിന്നറിഞ്ഞീടും
മറിയവും നാഥൻചാരെയണഞ്ഞീടുന്നു.

www.malankaralibrary.com

കദനത്താൽ വിങ്ങിപ്പൊട്ടും സോദരിമാർക്കൊപ്പം നാഥൻ
ലാസറിന്റെ കബറിന്റെയരികെയെത്തി

ദീർഘമായ നെടുവീർപ്പുമീറനായ മിഴിയുമായ്
കബറിന്റെ കല്ലുമാറ്റാനരുളുന്നേശു

മാർത്തായുടൻ ചൊന്നീടുന്നു നാഥാ നാളു നാലു ചെന്നു
കഴിഞ്ഞതാം ദേഹമിപ്പോൾ അഴിവായല്ലോ.

യേശുവേവമരുളുന്നു വിശ്വാസത്തിലുറപ്പുള്ളോർ
ദൈവത്തിന്റെ മഹത്വത്തെ വെളിവായ് കാണും

യേശുവിന്റെയാജ്ഞ കേട്ടിട്ടാരോ കല്ലു മാറ്റീടുമ്പോൾ
നാഥൻ തന്റെ താതനോടായർത്ഥിക്കുന്നേവം.

എൻപിതാവേ അങ്ങേ ദൗത്യം പേറി ഞാനീ മർത്ത്യരൂപം
പൂണ്ടുഭൂവിൽ ജാതനായെന്നുള്ളൊരു സത്യം

ഇന്നീ ജനമറിയുവാനിന്നീ കൃത്യം ചെയ്തീടണേ
ഏവം ചൊന്നിട്ടുച്ചത്തിലായ് മൊഴിയുന്നേശു


ലാസർ വേഗം കബറീന്നു പുറത്തേക്കായ് വരിക നീ
വേഗമിതാ ലാസർ മൃതദേഹവേഷത്താൽ

മൂടുപടശീലയാലേ ബന്ധനവും പേറിക്കൊണ്ടു
പുറത്തേക്കായ്  ഇറങ്ങുന്നു കബറിൽനിന്നും

മൃതദേഹവസനങ്ങളഴിപ്പിച്ചു ലാസറിനെ
ആരോഗ്യത്തിൽ സോദരിമാർക്കേല്പിക്കുന്നീശൻ

മൃത്യുപൂണ്ട മർത്ത്യൻ വീണ്ടുമുയിർ നേടിക്കണ്ട ജനം
യേശു ദൈവസുതനാണന്നുറപ്പിക്കുന്നു. ■

www.malankaralibrary.com



## യേറുശലേമിലേക്കു കഴുതപ്പുറത്ത്

ആണ്ടുതോറുമാഘോഷിക്കും പെസഹായിൻ ദിനമായി
യേറുശലേം പെരുന്നാളിൻ തിരക്കിലായി

നാടിൻ നാനാദിക്കിൽ നിന്നും ജനമെല്ലാമൊത്തുകൂടി
പെരുന്നാളിൽ പങ്കുചേരാനൊരുങ്ങുന്നേശു.

നാഥൻ തന്റെയാജ്ഞയാലെയെത്തിച്ചീടുന്നിതാ ശിഷ്യർ
ആരോരുമേ കേറിടാത്ത കുട്ടിക്കഴുതെ

കഴുതയിൻ മീതേയവർ വിരിക്കുന്നു വെൺവസ്ത്രങ്ങൾ
ഇരിക്കുന്നു കഴുതയിൻ മേലേ നാഥനും.

മുമ്പും പിമ്പും കൂടും ജനം ആർത്തുവിളിച്ചോതീടുന്നു
ദാവീദിന്റെ പുത്രനാകും നാഥനോശാനാ

www.malankaralibrary.com

കർത്താവിന്റെ നാമം പേറി വരുന്നവനെന്നുമെന്നും
അനുഗ്രഹം പ്രാപിച്ചീടും ഓശാനാ മേലിൽ

ആർത്തിരമ്പുമലയാഴിത്തിരപോലെയണയുന്ന
ജനതതി യേറുശലേം പൂകീടുന്നേരം

കൂടിനിന്ന ജനമെല്ലാമാവേശത്തിൽ പങ്കുചേർന്നു
ചോദിക്കുന്നീകഴുതതൻ മീതേയാരാണോ


ഉത്തരമായോതുന്നവർ ഗലീലിയൻ നസ്രത്തിലെ
പ്രവാചകവര്യനാകും യേശുവാണല്ലോ

പ്രവാചകൻ സഖറിയാ മുമ്പേകൂട്ടി പ്രവചിച്ച
പ്രവചനമിന്നിവിടെ നിറവേറുന്നു.

യേറുശലേം പുത്രിയാർത്തുവിളിച്ചുകൊണ്ടാനന്ദിപ്പൂ
നിന്റെ രാജൻ കഴുതമേലെഴുന്നരുളും

സർവ്വലോകപ്രതാപവാൻ വിജയശ്രീലാളിതനും
വിനയത്തിൻ മൂർത്തിയാകും രാജനുമവൻ.

www.malankaralibrary.com



# അന്ത്യത്താഴം

മണ്ണിൽ തന്റെ മർത്ത്യജീവൻ പൂർത്തിയാകാൻ നേരമായി
അവസാനപ്പെസഹായിക്കൊരുങ്ങുന്നീശൻ

തൻ സഭതൻ തലവനാം പത്രോസിനേം തന്നേയേറ്റം
സ്നേഹിച്ചിടും ശിഷ്യനാകും  യോഹന്നാനേയും

അന്ത്യത്താഴമൊരുക്കീടാനിടം തേടാനയയ്ക്കുന്നു
നാട്ടിൻ പ്രമാണിയാം ശീമോൻ തന്റെ വീടിന്റെ

മോടിയായിട്ടൊരുക്കീടും വിശാലമാമൂട്ടുശാല
നാഥന്നായിട്ടുത്സാഹത്താൽ കൊടുത്തീടുന്നു.

മർത്ത്യൻതന്റെ പ്രകൃതവുമുൾക്കൊള്ളുന്ന ദൈവപുത്രൻ
മർത്ത്യൻതന്റെ സഹജമാം വികാരവായ്പാൽ

ശിഷ്യരുമൊത്തൂട്ടുശാലയ്ക്കുള്ളേ പൂകീട്ടിരിക്കുന്നു
അപ്പം വീഞ്ഞുമൊരുക്കീടും മേശയ്ക്കരികിൽ.

താനും തന്നേമത്യധികം സ്നേഹിച്ചീടും ശിഷ്യരോടായ്
നാഥനേറ്റം വികാരത്താലരുളീടുന്നു

രക്ഷാകരകർമ്മം പൂർത്തിയാക്കുന്നതിൻ മുന്നോടിയായ്
ഞാനേറ്റീടും പാടുപീഢ തുടങ്ങുംമുമ്പേ

www.malankaralibrary.com

നിങ്ങളുമൊത്തൊരുമിച്ചീയന്ത്യത്താഴം പങ്കീടുവാൻ
അത്യധികമാഗ്രഹത്താൽ കഴിഞ്ഞല്ലോ ഞാൻ

യേശുതന്റെ സ്ഥാനത്തുനിന്നേറ്റു മേലങ്കിയും മാറ്റി
കൈത്തുവാലയെടുത്തു തന്നരയിൽ ചുറ്റി.

താലത്തിലായ് സലിലവുമേന്തി തന്റെ ശിഷ്യന്മാർതൻ
പാദങ്ങളെ കഴുകീട്ടു തുടച്ചിടുന്നു

പത്രോസിന്റെ ചാരെയെത്തുമേശുവിനെ തടഞ്ഞുകൊ-
ണ്ടവനുരചെയ്തീടുന്നു ഗുരുവരുതേ

പത്രോസോടായ് നാഥനേവമോതീടുന്നു നിനക്കിതി-
നാവില്ലെങ്കിൽ പങ്കില്ലെന്റെകൂടെ നിനക്ക്

ശിഷ്യരുമൊത്തത്താഴത്തിനിരിക്കുമ്പോൾ നാഥൻ തന്റെ
കയ്യിലപ്പമെടുത്താശീർവദിച്ചു പിന്നെ

മുറിച്ചുതൻ ശിഷ്യന്മാർക്കായ് കൊടുത്തുകൊണ്ടരുളുന്നു
എൻ ശരീരമാമീയപ്പം ഭക്ഷിപ്പിൻ നിങ്ങൾ

വീഞ്ഞിൻ പാനപാത്രം നാഥൻ കയ്യിലേന്തി കൃതജ്ഞതാ
സ്തോത്രം ചെയ്തു കൊടുത്തുകൊണ്ടരുളുന്നേവം


മർത്യൻ തന്റെ പാപത്തിന്റെ മോചനത്തിനായി ചിന്തും
എന്റെ സ്വന്തം രക്തമിതു പാനം ചെയ്തീടിൻ

പുത്രൻ തന്റെ രക്തത്താലെ ലിഖിതമീയുടമ്പടി
സനാതനം നവീനവും രക്ഷാമാർഗ്ഗവും

ഓർമ്മയിതു നിലനിർത്താനനുഷ്ഠിപ്പിൻ നിങ്ങളിതു
ലോകാന്ത്യത്തിൽ വീണ്ടുമെന്റെ വരവിൻവരെ

എന്റെ മാംസം ഭക്ഷിക്കുന്നോനെന്റെ രക്തം പാനം ചെയ്വോൻ
മരിക്കില്ല നിത്യമായി ജീവിക്കുമവൻ. ■

www.malankaralibrary.com



## പീഡാനുഭവം

അന്ത്യത്താഴം കഴിഞ്ഞുടൻ പോയീടുന്നു സക്റിയോത്താ
മകൻ യൂദാ ശത്രുവിന്റെ പാളയം നോക്കി.

വെള്ളിക്കാശു മുപ്പതവനവരീന്നു വാങ്ങീടുന്നു
ഒറ്റുനൽകാം ഗുരുവിനെയെന്ന വാക്കിന്മേൽ.

നാഥന്നൊപ്പം നടന്നപ്പോൾ താൻ കണ്ടിട്ടുള്ളത്ഭുതങ്ങൾ
മണ്ടനാകും യൂദാസിനെ വഴിതെറ്റിച്ചോ?

തന്റെയൊരു പിഴവാക്കു നാഥന്നെതിരായീടില്ല
അത്ഭുതത്താൽ നാഥൻ രക്ഷ നേടീടുമെന്നും

വെള്ളിക്കാശു മുപ്പതെണ്ണം തൻകീശയിൽ വീഴുമെന്നും
അന്ത്യമെല്ലാം ശുഭമായി തീർന്നീടുമെന്നും

സ്വപ്നം കണ്ട യൂദാ തന്റെ തെറ്റുമാത്രം കണ്ടില്ലല്ലോ
ഗുരുവിനെ ഒറ്റുനൽകും കൊടിയപാപം.

www.malankaralibrary.com

പണം മാത്രം കൊതിച്ചുകൊണ്ടാർത്തിയോടെ ജീവിക്കുന്ന
മണ്ടൻ മർത്യൻ യൂദാസമൻ തന്നെയല്ലയോ.

അത്താഴത്തിൻശേഷം കർത്തൻ ശിഷ്യന്മാരെ വട്ടംകൂട്ടി
അന്ത്യമായിട്ടുപദേശം നൽകുന്നു വീണ്ടും:

ഇടയന്റെയഭാവത്തിൽ ചിതറീടുന്നാടുപോലെ
നാളെ നിങ്ങൾ ചിതറീടും നാലു ദിക്കിലും.

ഏവം നാഥൻവാക്കു കേട്ടിട്ടുരയുന്നു പത്രോസപ്പോൾ
പോയീടില്ല ഞാനേ നാഥാ കൂടെ നിന്നീടും.

ഇന്നീരാവിൽ കോഴിയൊന്നു കൂവുന്നതിൻ മുമ്പിലായി
മൂന്നുവട്ടമെന്നെ നീയും തള്ളിപ്പറയും.

ഒലിവിന്റെ മലനേരേ പോയീടുന്നോരേശുവിന്റെ
പിമ്പേ ചേർന്നു ശിഷ്യന്മാരും നടന്നീടുന്നു.

ഗേതസമെൻ തോട്ടത്തിലായെത്തീടുമ്പോളേശു തന്റെ
ശിഷ്യന്മാരെ വിട്ടിട്ടല്പം ദൂരത്തിലായി

വക്ഷത്തോടു ചേർത്തുനിർത്തി തലോടിക്കൊണ്ടാശ്വാസത്തിൻ
കുളിരേകാൻ കാത്തു നില്ക്കുന്നമ്മയേപ്പോലെ

തന്നെ കാത്തുനിന്നീടുന്ന പാറക്കെട്ടിൽ മുട്ടുകുത്തി
കല്ലിന്മേലേ തലചായ്ച്ചു വിതുമ്പുന്നീശൻ.

നാഴികകൾ പിന്നിടുമ്പോൾ തന്റെ ദേഹത്തേറ്റീടുന്ന
പ്രഹരത്തിൻ നിര തന്റെയുള്ളിൽ തെളിഞ്ഞു.

വരുംദിനം തന്റെ മേലേ വന്നീടുന്ന പീഡയെല്ലാം
ഒന്നുപോലെ തന്റെ മേലേ വന്നു വീഴുന്നോ?

വ്യഥപൂണ്ടിട്ടാധിയോടെ അർത്ഥിക്കുന്നു താതന്നോടായ്
ഇപ്പാനപാത്രമെന്നിൽ നിന്നൊഴിവാക്കാമോ?

www.malankaralibrary.com

അല്ലെങ്കിലോ വേണ്ട താതാ തവഹിതം നടക്കട്ടെ
മർത്യരക്ഷയ്ക്കല്ലോ ഞാനീ പാടുപെടുന്നു.

ചുടുനിണം മണക്കുന്നു അത്താഴത്തിൽ ഹൃത്തിൽനിന്നും
ചീറ്റിപ്പാനപാത്രംതന്നിൽ വീണതിൻതുള്ളി.

അങ്കിമേലേ പറ്റീട്ടുണ്ടോന്നഖിലേശൻ നോക്കീടുന്നു
അല്ല തന്റെ രോമകൂപമെല്ലാം പൊടിയും

നിണത്തിന്റെ കണമല്ലോ കൊടുംദുഃഖത്താലെ തന്റെ
സിരപൊട്ടി പുറത്തൂറും രക്തത്തിൻ തുള്ളി.

ഒറ്റുകാശിൻ നന്ദികാട്ടാൻ പന്തംപേറുംപടമദ്ധ്യേ
എത്തീടുന്നു യൂദാ തന്റെ നാഥനെ കാട്ടാൻ.

ഗുരുവെയെന്നുരചെയ്തു ചുംബിക്കുന്നു തൻ കർത്തനെ
ബന്ധിക്കുന്നു പട്ടാളക്കാർ കർത്തനീശനെ.

അണ്ഡകടാഹത്തെയെല്ലാം തന്നാംഗ്യത്താൽ ബന്ധിപ്പോനെ
ചണനൂലിൻ പാശത്താലേ ബന്ധിച്ചീടാമോ?

ബന്ധിതനാം  ക്രിസ്തുവിനെ പട്ടാളത്തിൻ കിങ്കരന്മാർ
മുഖ്യാചാര്യൻ കയ്യാഫാസിൻ മുമ്പിലെത്തിച്ചു.

രാത്രിതന്റെ ശൈത്യം മാറ്റാൻ ആഴികൂട്ടി തീകാഞ്ഞീടും
കൂട്ടർക്കൊപ്പം കൊട്ടാരത്തിൻ നടുമുറ്റത്തായ്

യേശുവിനെ പിഞ്ചെന്നീടും പത്രോസിനെ കണ്ടിട്ടിതാ
സേവികയാം നാരിയേവം ചൊന്നീടുന്നല്ലോ:

ഇവനുമീ യേശുവിന്റെ കൂടെ നടന്നീടുന്നൊരു
ശിഷ്യനാണെന്നുള്ളതു ഞാൻ കണ്ടിട്ടുണ്ടല്ലോ.

കേട്ടമാത്രം പത്രോസിതാ തറപ്പിച്ചു പറയുന്നു
ഞാനിവനെയെങ്ങുനിന്നുമറിയുന്നില്ല.

www.malankaralibrary.com

വീണ്ടും രണ്ടു പേരുമിതേകാര്യംതന്നെ ചൊന്നീടുന്നു
പത്രോസാദ്യം ചൊന്നപോലെ ചൊല്ലുന്നു വീണ്ടും.

രാത്രിതന്റെയന്ത്യയാമം ഘോഷിച്ചും കൊണ്ടുടനിതാ
അങ്കവാലൻ പൂവൻകോഴിയുച്ചത്തിൽ കൂവി.

കോഴികൂവിക്കഴിഞ്ഞപ്പോൾ ബന്ധിതനായ് നില്ക്കും നാഥൻ
തീകാഞ്ഞീടും പത്രോസിനെ സൂക്ഷിച്ചു നോക്കി.

കോഴിയൊന്നു കൂവുംമുമ്പേ മൂന്നുവട്ടമെന്നെത്തള്ളി-
പറയും നീയെന്നു നാഥൻ ചൊന്നതോർത്തിട്ട്

ഉള്ളിൽ തട്ടി ചങ്കുപൊട്ടിക്കരഞ്ഞുകൊണ്ടവനുടൻ
പുറത്തോടി പശ്ചാത്താപംപൂണ്ടു കരഞ്ഞു.

ജീവിതത്തിന്നന്ത്യംവരെ പശ്ചാത്താപക്കണ്ണീരാലേ
വീണപാടു കവിളീന്നും മാറീട്ടുമില്ല.

ആചാര്യൻതൻ കൊട്ടാരത്തിൽ കാവൽക്കാരായ് നിന്നീടുന്നോർ
ഈശൻമേലേ പരിഹാസവർഷം ചൊരിഞ്ഞു.

കണ്ണുമൂടിക്കെട്ടിക്കൊണ്ടു മുഖത്താഞ്ഞടിച്ചിട്ട്
ആരായുന്നു അടിച്ചവനാരെന്നു ചൊല്ലൂ.

വെള്ളിദിനംപുലരുമ്പോൾ പുരോഹിതപ്രമുഖന്മാർ
നിയമജ്ഞർ പ്രമാണിമാരൊത്തുകൂടുന്നു.

യേശു ചെയ്തോരത്ഭുതങ്ങൾ ഘോഷിച്ചതാം സുവിശേഷം
എല്ലാമുള്ളിൽ തട്ടിതന്നെ പിഞ്ചെന്നീടുന്ന

യൂദജനം ദിനംതോറും അനവധിയായിടുന്നു
സാബത്തിൻനാൾ സിനഗോഗിൽ ആളുകുറഞ്ഞു.

ഏവം ഗതി പോയീടുകിൽ ജനമെല്ലാമവൻ പിമ്പേ
പോയീടുമ്പോൾ നമ്മൾ ഗതി കഷ്ടമാകില്ലേ.

www.malankaralibrary.com

ക്രൂശിലേറ്റി കൊന്നീടുവാനാവുംവിധമവന്റെ മേൽ
ആവശ്യത്തിന്നധികമായാരോപിക്കേണം.

നാടിൻ നാനാഭാഗേചുറ്റി മായാവിദ്യ കാട്ടിക്കൊണ്ടു
ദൈവത്തിന്റെയവതാരം താൻ തന്നെയെന്നും

തന്റെ വാക്കു കേട്ടീടാത്തോർ രക്ഷനേടാനാവില്ലെന്നും
ദൈവനിന്ദ പരത്തിക്കൊണ്ടാളെ പറ്റിച്ചു.

പാവനമാം യറുസലേം ദേവാലയം തകർത്തിവൻ
ദിനം മൂന്നു കൊണ്ടു വീണ്ടും  പണിയുമെന്നും

ഏവംവിധം മെനഞ്ഞുള്ള കുറ്റങ്ങളെ നിരത്തീട്ടു
യേശുവിനെ പീലാത്തോസിൻ മുമ്പിലെത്തിച്ചു.

ദേശത്തിന്റെയധിപനാം പീലാത്തോസോ വിസ്താരത്തിൽ
നാഥൻതന്നിലല്പംപോലും കുറ്റം കണ്ടില്ല.

ഒത്തുകൂടും ജനമെല്ലാം അത്യുച്ചത്തിലാർത്തീടുന്നു
ക്രൂശിക്കുവിനേശുവിനെ ക്രൂശിച്ചീടുവിൻ.

കളങ്കത്തിൻ കണികയുമേശീടാത്തോരേശുവിനെ
മോചിപ്പിക്കാൻ പീലാത്തോസോ കിണഞ്ഞീടുന്നു.

തിരുനാളിൻദിനത്തിലായ് പാതകനാമൊരുവനെ
ശിക്ഷാമുക്തിയേകീടാമെന്നാചാരത്താലെ

യേശുവിനെ മോചിപ്പിക്കാൻ പീലാത്തോസോ തുനിയുന്നു
കുറ്റകൃത്യം കാട്ടി നാട്ടിലക്രമം ചെയ്യും

ബറബാസേ മോചിപ്പിക്കാൻ യൂദജനമലറുന്നു
പീലാത്തോസോ ബറബ്ബാസേ മോചിപ്പിക്കുന്നു.

സീസറിന്റെ ശത്രുവാകും യേശുവിന്റെ പക്ഷംചേരിൽ
നീയും സീസർ വിരോധിയെന്നാർക്കുന്നു ജനം

www.malankaralibrary.com

പീലത്തോസിൻ പക്കൽ തന്റെ പ്രിയപത്നി തിടുക്കത്തിൽ
ദൂതൻമൂലം സന്ദേശമിതെത്തിച്ചീടുന്നു:

ഇന്നീരാവിൽ ഇവൻ മൂലം ഇമയൊന്നുമടയാതെ
നിദ്രയില്ലാതവശയായ് കിടന്നു ഞാനും

നീതിമാനാമിവനു നീ ശിക്ഷാവിധി ചൊല്ലീടല്ലേ
നീതിമാന്റെ രക്തത്തിൽ നീ പങ്കുചേരല്ലേ.

പെസഹായിൻ തിരുനാളിൽ പങ്കുചേരാൻ ഹേറോദേസും
ജറുസലേം പുരിതന്നിലാഗതനായി.

ഗലീലിതൻ പ്രജയാകുമേശുവിനെ പീലാത്തോസോ
ഗലീലിതന്നധിപനാം ഹേറോദേസ് മുമ്പിൽ

വിധിചൊല്ലിത്തീർപ്പാക്കുവാനയയ്ക്കുന്നു ഇതിനാലേ
കുറ്റം തന്മേലേറീടാതെ രക്ഷ നേടീടാൻ.

വിസ്താരത്തിൽ ഹേറോദേസും കുറ്റം കാണാതേശുവിനെ
പീലാത്തോസിൻ പക്കലേക്കായയച്ചീടുന്നു.

ക്രൂശിപ്പീനെന്നാക്രോശിച്ചു യൂദപ്പടയണയുന്നു
യേശുവിനേകൂട്ടി പീലാത്തോസിൻ സവിധേ.

യൂദർരാജനേശുവിനെ ക്രൂശിലേറ്റി കൊന്നീടുവാൻ
ഭീരുവാകും പീലാത്തോസോ വിധി ചൊല്ലുന്നു.

രാജാവെന്ന വാക്കുകേട്ടു തീർത്തീടുന്നു യൂദജനം
കൂർത്തമുള്ളു ചേർത്തുവെച്ചു മുൾക്കിരീടവും.

കുട്ടിക്കാലത്തമ്മ തുന്നി തന്നോടൊപ്പം വളർന്നൊരു
പൊന്നോമനക്കുപ്പായവുമുരിഞ്ഞുമാറ്റി.

നേരമല്പം കഴിയുമ്പോൾ ചൊരിയുവാനിരിക്കുന്ന
ചോരവർണ്ണക്കുപ്പായവുമണിയിച്ചിട്ട്

www.malankaralibrary.com

ഞാങ്ങണയിൻ കോലാലെ തൻതലമേലേ തല്ലിക്കൊണ്ടും
മുഖമാകെ തുപ്പി പരിഹാസം ചൊരിഞ്ഞും

മുമ്പിൽവന്നു മുട്ടിന്മേലേ നിന്നുംകൊണ്ടു ചൊല്ലീടുന്നു
യൂദന്മാർതൻ രാജാവേ നീ വാഴ്കയെന്നെന്നും.

പീലാത്തോസിൻ വിധിവാർത്തയറിഞ്ഞപ്പോൾ യൂദായുടൻ
കാശുമുപ്പതെടുത്തോടി ആലയം നേർക്കായ്

വെള്ളിക്കാശങ്ങെറിഞ്ഞിട്ടു ചൊല്ലീടുന്നു നീതിമാന്റെ
ജീവൻ വിറ്റ പണമെനിക്കൊട്ടുമേ വേണ്ടാ.

നിണം വിറ്റ പണമിനി നേർച്ചപ്പെട്ടീൽ വീണിടേണ്ട
വാങ്ങീടാമീ പണംകൊണ്ടു ശവപ്പറമ്പ്.

അന്യദേശേ പാർത്തീടുന്നോർ ഇവിടെത്തീട്ടന്ത്യശ്വാസം
വലിക്കുമ്പോളവർക്കിതിൽ കബറൊരുക്കാം.

നിണത്തിന്റെ നിലമെന്നു പേരുവീഴും കുശവന്റെ
സ്ഥലമവരീക്കാശിനാൽ വശത്തിലാക്കി.

കാശുമെടുത്തെറിഞ്ഞിട്ടു പോയി യൂദാ പാശം തേടി
ആശവെടിഞ്ഞതിൽ തൂങ്ങി ജീവൻ വെടിഞ്ഞു.


യേശുവിനെ കുരിശിപ്പാൻ പുരുഷാരമാവേശത്താൽ
കുരിശെടുത്തീശൻ തോളിൽ കൊടുത്തീടുന്നു.

കല്ലും മുള്ളും പുതപ്പാക്കി തലമാത്രം പൊക്കിക്കൊണ്ട്
ആകാശത്തെ നോക്കിനില്ക്കും ഗോഗുൽത്താ നേർക്കായ്

ക്രൂശിപ്പാനായേശുവിനെ കൊണ്ടുപോയീടുന്നു ജനം
കഷ്ടപ്പാടാലീശനേറ്റം വലഞ്ഞീടുന്നു.

തോളിലേറും ക്രൂശിൻഭാരം ക്ഷീണമേറും ദേഹത്തിനു
താങ്ങീടുവാനാവാതീശൻ വീഴുന്ന നേരം

www.malankaralibrary.com




ചുളുചുളാപുളയുന്ന ചാട്ടവാറിന്നടിയേറ്റു
കഷ്ടപ്പെട്ടു നിവർന്നേശു നടന്നീടുന്നു.

ഏവം വിധം കഷ്ടപ്പെട്ടുപോയാലേശുമലമേലെ
എത്തും മുമ്പേ മൃത്യുവരിച്ചീടുമെന്നോർത്ത്

വേലചെയ്തു മടങ്ങുന്ന കീറേൻകാരൻ ശിമയോനെ
യേശുവിന്റെ ക്രൂശു താങ്ങാൻ കല്പിച്ചീടുന്നു.

ഭാഗ്യവാനാം ശിമയോനോ കൃത്യമിതു ചെയ്കമൂലം
സ്വർഗ്ഗരാജ്യം സ്വന്തമാക്കി പവിത്രനായി.

പലവട്ടം നിലംപൊത്തീം ചാട്ടവാറിന്നടിയേറ്റും
ദീനനായിട്ടെത്തുന്നേശു മലമുകളിൽ.

കുരിശിപ്പാനിടമായി നരഹത്യനടത്തീടാൻ
ഒരുക്കത്തിൽ മുഴുകുന്നു ആരാച്ചാർയൂദർ.

യേശുവിന്റെ വസ്ത്രമെല്ലാമുരിഞ്ഞവർ മാറ്റീടുന്നു
തിരുവങ്കിക്കായിട്ടവർ കുറിയെടുത്തു.

www.malankaralibrary.com

വള്ളിപുള്ളി തെറ്റീടാതെ പ്രവചനം പൂർത്തിയായി
വസ്ത്രമുരിഞ്ഞങ്കിക്കായി കുറിയെടുത്തു.

ക്രൂശു നിലംചേർത്തിട്ടവർ കർത്താവിനെ ക്രൂശിൽചേർത്തു
കിടത്തിക്കൊണ്ടാണിയെടുത്താഞ്ഞടിക്കുന്നു

ആദ്യം കൈകൾരണ്ടിന്മേലും പിന്നെ കാൽകൾരണ്ടും ചേർത്തും
ക്രൂരമായി പട്ടാളക്കാരാണി തറച്ചു.

ജീവമാംസം തുളച്ചുംകൊണ്ടാണി താണങ്ങിറങ്ങുമ്പോൾ
ചോര ശരംപോലെ ചീറ്റി ചിതറീടുന്നു.

ചോരത്തുള്ളി തെറിച്ചതാം കുറ്റിക്കാടും മുൾച്ചെടിയും
ഉലഞ്ഞാടീടുന്നു കൊടുങ്കാറ്റിലെന്നപോൽ.

നിണം വീണ കല്ലും മണ്ണും തെറിച്ചങ്ങുപാഞ്ഞീടുന്നു
അഗ്നിമലപൊട്ടിച്ചിതറീടുന്നതുപോൽ.

സ്രഷ്ടാവിന്റെ നേരേ ദുഷ്ടമർത്ത്യർ കാട്ടും ഹീനകൃത്യം
കണ്ടു സൃഷ്ടപ്രപഞ്ചവും പതറുന്നയ്യോ.

കുരിശോടു ചേർത്തു വെച്ചിട്ടാണിമൂന്നാലുറപ്പിച്ചു
പൊക്കീടുന്നു കുരിശോടെയീശനെ ജനം.

ആണിമേലേ തൂങ്ങുമീശോ കുരിശോടങ്ങുയരുമ്പോൾ
വേദനയാൽ പുളഞ്ഞങ്ങുവളഞ്ഞീടുന്നു.

രക്തമെല്ലാം വാർന്നീടുന്ന ദേഹം ക്രൂശിൽ തൂങ്ങീടുന്നു
പൂർണ്ണബോധ പ്രാണനോടെ പുളയുന്നീശോ.

ഇടം വലം തന്നേപ്പോലെ വധശിക്ഷയേറ്റുവാങ്ങി
കിടക്കുന്നു കുരിശിന്മേൽ കള്ളന്മാർ രണ്ടും

ഇടംഭാഗേ കിടന്നീടും കള്ളൻ കളിയാക്കിക്കൊണ്ടു
ചൊന്നീടുന്നു കർത്താവോടായ് കാട്ടൂ നിൻശക്തി,

www.malankaralibrary.com

നാടുനീളെ നടന്നു നീ അത്ഭുതങ്ങൾ കാട്ടീട്ടില്ലേ
രക്ഷിക്ക നീ ഞങ്ങളെയും നിന്നെത്തന്നെയും.

വലംഭാഗം കള്ളനിതു കേട്ടു കോപം പൂണ്ടിട്ടേവം
ചൊന്നീടുന്നു നിർത്തൂ നിന്റെ ഹാസ്യഭാഷണം:

കുറ്റം ചെയ്ത നമുക്കിന്നീ ശിക്ഷയർഹമായീടുന്നു
നിർദ്ദോഷിയാമിവനിതിനർഹനുമല്ല.

ഏവം ചൊന്നിട്ടവൻ നാഥൻനേരേ തന്റെ  തല നീട്ടി
പശ്ചാത്താപക്കണ്ണീരോടെ  മൊഴിഞ്ഞീടുന്നു:

ദൈവപുത്രൻ നാഥാ നീ നിൻ രാജ്യം പൂകുംനേരത്തെന്നെ
ഓർത്തീടണേ എന്റെ പാപം പൊറുത്തീടണേ.

നാഥനേവമരുളുന്നു നിന്റെ പാപം പൊറുത്തു ഞാൻ
എന്നോടൊപ്പം പറുദീസിൻ പങ്കുപറ്റും നീ.

അന്ത്യത്തുള്ളി രക്തം നാഥൻ പശ്ചാത്താപപാപിമേലേ
ചൊരിഞ്ഞിട്ടു താതൻ ദൗത്യം പൂർത്തിയാക്കുന്നു.

ക്രൂശിൻ താഴെ നില്ക്കുന്നമ്മ ശിഷ്യൻ യോഹന്നാനോടൊത്ത്
പുത്രനേല്ക്കും പീഢകണ്ടു ചങ്കുപൊട്ടുന്നു.

യേശുവിനെ കാഴ്ചവെക്കും  നേരം ശീമോൻ ചൊന്നീടുന്ന
പ്രവചനമിന്നിവിടെ നിറവേറുന്നു:

'നിൻപുത്രനാമിവൻ മൂലം നിന്റെ ചങ്കിനുള്ളിൽക്കൂടി
മൂർച്ചയേറും വാളൊരുനാൾ  കടന്നീടുമേ'.

നാഥൻ ചൊല്ലുന്നമ്മയോടായ് അമ്മേയിനി പുത്രൻസ്ഥാനം
യോഹന്നാനു നൽകി നിന്നെയേല്പിച്ചീടുന്നു

യോഹന്നാനോടരുളുന്നു ഇന്നുമുതലെന്നമ്മയെ
നിന്നമ്മയായ് കരുതേണം പാലിച്ചിടേണം.

www.malankaralibrary.com

ആത്മാവിനെ താതൻ പക്കലേല്പിച്ചീടും നേരംപോലും
ആത്മാക്കൾതൻ ദാഹത്തിനായ് കേഴുന്നു നാഥൻ.

ദാഹനീരു ചോദിച്ചെന്നു കരുതീട്ടു യൂദന്മാരോ
ചൊറുക്കായിൽ മുക്കി പഞ്ഞി കൊടുത്തീടുന്നു.

ഏലീ ഏലീ ശബക്താനി എന്നുച്ചത്തിലുരചെയ്തു
വലംഭാഗേ യേശു തന്റെ തല ചായിച്ചു.

താതൻ തന്നെ ഏല്പിച്ചോരു ദൗത്യം പൂർണ്ണമാക്കിക്കൊണ്ട്
താതൻ കയ്യിൽ തന്റെ ജീവനർപ്പിച്ചീടുന്നു.

സൂര്യചന്ദ്രതാരങ്ങളും ആഴിഗിരിശൃംഗങ്ങളും
ഒറ്റവാക്കാൽ മെനഞ്ഞോനാം നാഥൻ നഗ്നനായ്

ശ്വാസമറ്റു മൃതനാകുന്നതു കാണാൻ കഴിയാതെ
പകലോനോ പകൽ മാറ്റീട്ടിരുൾമൂടുന്നു.

അത്യുഗ്രമാം കൊടുങ്കാറ്റും ഇടിമിന്നൽ തുപ്പിക്കൊണ്ട്
കാർമേഘവും രൗദ്രഭാവം പൂണ്ടീടുന്നല്ലോ.

സ്രഷ്ടാവോടു കൂറുകാട്ടും പ്രപഞ്ചത്തിൻ ശക്തിയെല്ലാം
കൂറില്ലാത്ത സൃഷ്ടമർത്ത്യർക്കെതിരേ നിൽപ്പൂ.

പാറക്കെട്ടു പിളരുന്നു വന്യമൃഗം ഗർജ്ജിക്കുന്നു
ഭൂമിയാകെ വിറകൊണ്ടു ഭ്രമിച്ചീടുന്നു.

മദ്ധ്യാഹ്നത്തിലീവിധത്തിൽ ഇരുൾ കാട്ടി പ്രപഞ്ചത്തിൻ
ആക്രോശത്തിൽ വിറപൂണ്ടു യൂദഭടന്മാർ.

സത്യമിവൻ രക്ഷകനാം ക്രിസ്തുവാണെന്നേറ്റീടുന്നു
ആജ്ഞചൊല്ലി ക്രൂശിച്ചിടും സേനാനായകൻ.

ഗോഗുൽത്തായിന്നടിവാരേ തനിച്ചായി കൊച്ചുവീട്ടിൽ
കഴിയുന്ന നാരിയിതു കണ്ടുഭ്രമിച്ച്

www.malankaralibrary.com

വാതിൽപൂട്ടീട്ടകത്തായിട്ടിരിക്കുന്നു ഭയത്തോടെ
കേട്ടീടുന്നു വാതിൽ തട്ടിക്കൊട്ടുന്ന സ്വരം.

റബേക്കാ നീ തുറക്കില്ലേ ഞാനാണന്നേ നിന്റെ ശീമോൻ
ദൈവദൂതൻ വന്നെനിക്കു ജീവൻ തന്നന്നേ.

പ്രിയപതിതന്റെ സ്വരം കൃത്യമായിട്ടറിഞ്ഞിട്ടു
തുറക്കുന്നു റബേക്കായോ വീടിന്റെ വാതിൽ.

പതിറ്റാണ്ടുമുമ്പുതന്നെ പിരിഞ്ഞങ്ങു മൃതിയായ
പതി വീണ്ടുമുയിർപൂണ്ടു നില്ക്കുന്നു മുമ്പിൽ.

ഏവംവിധം പലേടത്തും മൃതിപൂണ്ടോർ കബറീന്നും
ഉയിർപൂണ്ടു നാഥൻ ജീവൻ വെടിയുന്നേരം.

പെസഹായിൻ പെരുന്നാളു പിന്നിട്ടാദ്യത്തേതായിടും
സാബത്തിന്റെ തലേവെള്ളിയന്തിനേരത്ത്

മൃതദേഹംക്രൂശിൽ നിന്നുമിറക്കുവാനനുവാദം
പീലാത്തോസിൽനിന്നു വാങ്ങി വരുംഭടന്മാർ.

കള്ളന്മാർതൻ കണങ്കാലു തല്ലിയൊടിച്ചിറക്കുന്നു
യേശുവിനെ കുന്തത്താലേ കുത്തി വിലാവിൽ.

ജീവരക്തം ജീവജലം തന്നിൽനിന്നുമൊഴുകുമെ-
ന്നുരചെയ്ത നാഥൻ തന്റെ വചനംപോലെ

ജലം രക്തമൊന്നു ചേർന്നിട്ടൊഴുകുന്നു വിലാവീന്നും
രക്ഷാബലിദൗത്യത്തിന്റെയന്ത്യം കുറിച്ച്.

യേശുവിന്റെ ഗാത്രം വാങ്ങാനെത്തീടുന്നു യൗസേപ്പെന്ന
യേശുഭക്തനരിമത്യാ കരയിൽനിന്ന്.

പീലാത്തോസിൻ പക്കൽ ചെന്നിട്ടനുമതി തേടീടുമ്പോൾ
ആരായുന്നു പീലത്തോസോ നടുക്കത്തോടെ

www.malankaralibrary.com

കറുന്തോട്ടിക്കെന്തേ വാതംപിടിപെടുന്നെന്ന മട്ടിൽ
ദൈവപുത്രൻ ക്രൂശിൽ തന്റെ ജീവൻ വെടിഞ്ഞോ?

കുന്തിരിക്കം മീറായിവ പേറിക്കൊണ്ടു പോയീടുന്നു
നിക്കോദേമോസ് യൗസേപ്പിവർ യേശുവിൻചാരെ.

മലമടക്കടുത്തായി മരക്കൂട്ടം മദ്ധ്യത്തിലായ്
പാറകീറിത്തുളച്ചുള്ള കല്ലറയ്ക്കുള്ളിൽ

യേശുവിന്റെ ദിവ്യഗാത്രം വെള്ളക്കച്ചയ്ക്കുള്ളിലാക്കി
വിധിപോലെയിരുവരും സംസ്കരിക്കുന്നു.

മറിയവും മാർത്താമേരിശിഷ്യകളും പിമ്പേചെന്നു
കണ്ടീടുന്നു കല്ലറയും സംസ്കാരകർമ്മോം.

ദൈവനിന്ദ പ്രസംഗിച്ചു നാടുനീളെ ചുറ്റിക്കൊണ്ടു
നടക്കുമ്പോളിവൻ ചൊന്നു മൃതിപൂണ്ടാലും

മൂന്നാം ദിനമുയിർത്തുതൻ കബറീന്നും പുറത്താകും
എന്ന തന്റെ വാക്കു സത്യമാക്കിത്തീർത്തീടാൻ

യേശുവിന്റെ ശിഷ്യന്മാരാ മൃതദേഹം കവർന്നിടും
എന്നു ചൊല്ലി പരിശേയപ്രമുഖന്മാരും.

കബറിനു കാവലായി കരുത്തുള്ള കാവൽക്കാരെ
കല്പിച്ചാക്കി കല്ലുവെച്ചു മുദ്രയും വെച്ചു.

വെള്ളിസൂര്യനസ്തമിച്ചു ചക്രവാളം വർണ്ണം മാറ്റി
കാർമേഘത്തിൻ കരിമ്പുതപ്പണിഞ്ഞുനിന്നു.

രാപ്പാടികൾ പാടുന്നില്ല നത്തുകൂമൻ വവ്വാലുകൾ
ഇരതേടി പുറത്തേക്കൊന്നിറങ്ങുന്നില്ല.

വൃക്ഷലതാനികുഞ്ജങ്ങൾ നിശ്ചലമായ് നിന്നീടുന്നു
ചിത്രകാരൻ വരച്ചിടും ചിത്രത്തേപ്പോലെ.

www.malankaralibrary.com

ചന്ദ്രതാരഗോളാദികളംബരത്തിലന്യമായി
ശോകത്താലെ കരയുന്നീ പ്രപഞ്ചമാകെ.

ആദത്തിന്റെ പാപത്താലെ കറപറ്റും മർത്ത്യാത്മാക്കൾ
പാതാളത്തിൽ മുക്തി തേടി കാത്തിരിക്കുന്നു.

പാതാളത്തിൻ പൂട്ടഴിക്കാനിന്നീരാവിൽ പോയീടുന്നു
കർത്തനേശു കുരിശെന്ന ചാവിയുമായി.

രക്ഷാമാർഗ്ഗംസ്ലീബായെന്ന ചാവികൊണ്ടു പാപത്തിന്റെ
പൂട്ടഴിച്ചു മുക്തരാക്കി മർത്ത്യാത്മാക്കളെ.

പാതാളത്തിന്നാഴത്തീന്നു സ്വർഗ്ഗരാജ്യേ കേറീടുവാൻ
തൻ കബറിൻ വാതിൽ നാഥൻ തുറന്നു നൽകി.

സാബത്തിന്റെ രാവിന്നന്ത്യം കുറിച്ചീടാൻ പുലർകാല
താരം വനിലുദിച്ചുയർന്നീടുന്ന നേരം.

മഗ്ദലേന മറിയവും യോവന്നായും മറിയാമും
മറ്റു നാരീശിഷ്യകളും സുഗന്ധവുമായ്.

യേശുവിനെ പൂശീടുവാൻ കബറിങ്കലെത്തിച്ചേർന്നു
കബറിന്റെ കല്ലു മാറിതുറന്നു കണ്ടു.


പരിഭ്രമം പൂണ്ടിട്ടവരന്തിച്ചങ്ങു നിന്നീടുമ്പോൾ
എത്തീടുന്നു ശുഭ്രവസ്ത്രധാരിയാം ദൂതർ.

ആരെ നിങ്ങൾ തിരയുന്നെന്നാരായുന്നു ദൂതന്മാരും
യേശുവിനെ തിരയുന്നെന്നുരചെയ്തവർ.

ജീവിച്ചിരിപ്പോനെ നിങ്ങൾ കല്ലറയിൽ തിരയുന്നോ
ഈശൻ നൽകും സുവിശേഷം മറന്നുപോയോ?

ചെല്ലിൻ നിങ്ങളറിയിപ്പീൻ തന്റെ ശിഷ്യന്മാരെയെല്ലാം
മഹത്വത്തോടുയിർത്തേശു കബറിൽനിന്നും.

www.malankaralibrary.com



സാബത്തിന്റെ രാത്രിക്കന്ത്യേയുഷ സൂര്യനുദിക്കുവാൻ
ചക്രവാളപാളിമീതേയെത്തി നോക്കുന്നു.

സൃഷ്ടികഴിഞ്ഞിന്നോളവും ചൊരിയാത്ത പ്രഭയേറും
കിരണങ്ങൾ ചുറ്റും വീശീട്ടുദിച്ചുയർന്നു.

പറവകളാനന്ദത്താൽ കളനാദംപാടിക്കൊണ്ടു
പറന്നങ്ങു ചിറകടിച്ചാനന്ദിക്കുന്നു.

വന്യജീവിഗണമെല്ലാം ശാന്തരായിട്ടാരവത്താൽ
സന്തോഷത്തിൻ ഗീതിപാടി നൃത്തമാടുന്നു.

ഇളംകാറ്റിൻ കുളിർമയിൽ ഇളകീടും വൃക്ഷലതാ
നികുഞ്ജങ്ങൾ താളത്തോടെ ആടിയുലഞ്ഞു.

സ്രഷ്ടാവിന്റെയുത്ഥാനത്തിൽ പ്രപഞ്ചത്തിൻ സൃഷ്ടിയെല്ലാം
ആനന്ദത്തിൻ ലഹരിയാൽ ഹരംപിടിപ്പൂ.

നാഥൻ തങ്ങൾകൂടെയില്ലെന്നറിഞ്ഞീടും ശിഷ്യന്മാരോ
ശത്രുദൂതന്മാരെ പേടിച്ചൊത്തുകൂടുന്നു.

മുറിപൂട്ടീട്ടുള്ളിലായിട്ടിരിക്കുന്ന നേരത്തിതാ
കർത്തനീശൻ തങ്ങൾമദ്ധ്യേ പ്രത്യക്ഷനായി.

www.malankaralibrary.com

സമാധാനം നിങ്ങൾക്കെന്നു ചൊന്നുകൊണ്ടു കാട്ടീടുന്നു
തൻപാർശ്വവും ആണിപ്പാടും ശിഷ്യരേവരേം.

യേശുതന്റെ ശ്വാസമവർ മേലേയൂതീട്ടരുളുന്നു
ശുദ്ധാത്മാവിന്നഭിഷേകം പ്രാപിപ്പിൻ നിങ്ങൾ.

താതനെന്നെയയച്ചപോൽ അയയ്ക്കുന്നു നിങ്ങളെ ഞാൻ
ഘോഷിച്ചീടിൻ സുവിശേഷം ലോകമെമ്പാടും.

ആർക്കായ് നിങ്ങൾ പാപങ്ങളെ മോചിക്കുന്നോ മോചിതവും
ആർക്കായ് നിങ്ങൾ ബന്ധിക്കുന്നോ ബന്ധിതവുമാം.

കൂടെപ്പോയി മരിച്ചീടാമെന്നൊരിക്കലുരചെയ്ത
ശിഷ്യൻ തോമ്മായ്ക്കന്നീശനെ കാണാനായില്ല.

കർത്തൻ തങ്ങൾമദ്ധ്യേവന്നെന്നറിയിക്കും നേരത്തിതാ
തോമ്മസവിശ്വാസം പൂണ്ടു ചൊന്നീടുന്നേവം:

ആണിപ്പാടിൽ വിരൽതൊട്ടും തൻവിലാവിൽ കരംവെച്ചും
നേരിട്ടറിഞ്ഞിട്ടു ഞാനും വിശ്വസിച്ചീടാം.

ദിനമെട്ടു കഴിഞ്ഞിട്ടു മറ്റുശിഷ്യർക്കൊപ്പം തോമ്മാ
പൂട്ടിക്കെട്ടി മുറിക്കുള്ളിലിരിക്കുന്നേരം.

അന്നത്തേപ്പോലേശുവന്നിട്ടവർ മദ്ധ്യേ നിന്നീടുന്നു
തോമ്മാസോടായീശനേവമരുളീടുന്നു:

വന്നീടുവിൻ തൊട്ടീടുവിൻ എൻവിലാവുമാണിപ്പാടും
അവിശ്വാസം വെടിഞ്ഞു നീ വിശ്വാസിയാവൂ.

നാഥൻ വാക്കു കേട്ടനേരം എൻകർത്താവേ എൻദൈവമേ
എന്നു ചൊല്ലി തോമ്മാ തല നമിച്ചീടുന്നു.

ശിഷ്യന്മാരെക്കൂട്ടി പത്രോസ് തേബരിയൂസ് കടലിലായ്
തോണിയേറി വലവീശാനിറങ്ങീടുന്നു.

www.malankaralibrary.com

രാത്രിയെല്ലാം വല മാറിമാറിവീശി തുഴഞ്ഞവർ
മത്സ്യമൊന്നും കിട്ടാതലഞ്ഞിരിക്കുന്നേരം

പുലർകാലവെളിച്ചത്തിലേശു കടൽതീരത്തെത്തി
ശിഷ്യന്മാരോടാരായുന്നു മത്സ്യമുണ്ടോന്ന്.

ആളെയറിയാതെയവരുത്തരമായുരചെയ്തു
ഇന്നീരാവിൽ മത്സ്യമൊന്നും കിട്ടീട്ടില്ലല്ലോ.

പടവിന്റെ വലഭാഗത്തൊന്നു വീശാനേശുവിന്റെ
ഉപദേശം കേട്ടിട്ടവർ വലവീശുന്നു.

വലനിറഞ്ഞുള്ളിൽകേറും മത്സ്യത്തിന്റെ ഭാരത്താലേ
കിണഞ്ഞാഞ്ഞു വലിച്ചവർ കരയ്ക്കു കേറ്റി.

തീരത്തേശുകർത്തനെന്നു തിരിച്ചറിഞ്ഞവരുടൻ
പടവീന്നു ചാടി കർത്തൻചാരെയണഞ്ഞു

ആഴികൂട്ടീട്ടതിന്മേലേ മത്സ്യം വെച്ചുപൊരിച്ചിട്ടു
കർത്തനേശു ശിഷ്യന്മാരെ കാത്തിരിക്കുന്നു.

അപ്പം മത്സ്യമിവചേരും പ്രാതൽ കഴിച്ചവർ തങ്ങൾ
ഗുരുനാഥൻതന്റെ വാക്കു ശ്രവിച്ചീടുന്നു.

കയ്യാഫാസിൻ കൊട്ടാരത്തിലഗ്നികുണ്ഡം സാക്ഷിയാക്കി
മൂന്നുവട്ടമേശുവിനെ തള്ളിപ്പറഞ്ഞ

പത്രോസോടായ് കർത്തനീശൻ മൂന്നുവട്ടമാരായുന്നു
യോനാപുത്രൻ ശീമോനെന്നെ സ്നേഹിച്ചിടുന്നോ?

കടൽ തീരത്തീശൻ കൂട്ടുമഗ്നികുണ്ഡം സാക്ഷിയാക്കി
മൂന്നുവട്ടം ശീമോനുവ്വെന്നേറ്റുചൊല്ലുന്നു.

മർത്ത്യകുലമാകും തന്റെ അജഗണമിടയനായ്
പത്രോസിനെ കർത്തനീശൻ കല്പിച്ചാക്കുന്നു.

www.malankaralibrary.com

പത്രോസിന്റെ ദൗത്യം പേറി പിൻഗാമികളഭിഷിക്തർ
നയിച്ചീടുന്നിന്നും കർത്തന്നജഗണത്തെ.

ഉത്ഥാനത്തിൻശേഷം നാഥൻ ശിഷ്യന്മാരെ സുവിശേഷം
ഘോഷിപ്പാനായ് പോഷിപ്പിച്ചു കഴിയുംഭൂവിൽ


താതൻ തന്റെ ചാരത്തേക്കു ചേർന്നീടുവാൻ നേരമായി
യേശു തന്റെ ശിഷ്യന്മാരോടരുളുന്നേവം:

ഭൂലോകത്തിന്നതിർത്തികൾവരെ നിങ്ങൾ പോയീടുവീൻ
ഘോഷിച്ചീടിൻ രക്ഷാമാർഗ്ഗം സുവിശേഷത്തെ.

നിങ്ങൾവാക്കു വിശ്വസിച്ചു സ്നാനമേൽക്കോൻ രക്ഷനേടും
നിങ്ങൾ വാക്കു തള്ളുന്നോരോ ശിക്ഷയേറ്റിടും.

താതൻ തന്റെ വാഗ്ദാനമാം ശുദ്ധാത്മാവു വരുംവരെ
കഴിയുവിൻ ജറുസലേം പുരിയിൽ നിങ്ങൾ.

ശിഷ്യന്മാരെക്കൂട്ടിയേശു ബഥാനിയാവരെയെത്തി
ഇരു കരം പൊക്കീട്ടനുഗ്രഹിക്കുംനേരം



www.malankaralibrary.com

വെൺമേഘത്തിന്നുള്ളിലേക്കായ് മറയുന്നു നാഥൻ തന്റെ
താതൻചാരേയാരോഹണം ചെയ്തീടുന്നല്ലോ.

നാഥനരുൾചെയ്തീടുംപോൽ ആത്മാവിനെ പ്രാപിപ്പാനായ്
മാതാവൊത്തു ധ്യാനത്തോടെ കഴിയും ശിഷ്യർ.

ഉന്നതത്തിലെത്തും നാഥൻ വാഗ്ദാനം ചെയ്തീടുംപോലെ
ശക്തിയാശ്വാസങ്ങൾ നല്കും ശുദ്ധാത്മാവിനെ.

മാതാശിഷ്യർമേലേ പെന്തക്കുസ്താദിനമയയ്ക്കുന്നു
തീനാളംപോൽ തലമേലേ വന്നിറങ്ങുന്നു.

ശത്രുയൂദന്മാരെ പേടിച്ചഴലോടെ കഴിഞ്ഞവർ
അണപൊട്ടിയൊഴുകുംപോൽ ശക്തി നേടുന്നു.

സിംഹതുല്യം ധൈര്യത്തോടെ സുവിശേഷം ഘോഷിക്കാനായ്
ശത്രുയൂദർ മദ്ധ്യത്തേക്കായിറങ്ങീടുന്നു.

ത്രീയേകമാം ദൈവത്തിന്റെ നാമത്താലേ സ്നാനം നേടി
ആയിരങ്ങൾ ക്രിസ്തുമാർഗ്ഗം പിഞ്ചെല്ലുന്നല്ലോ.

നാഥൻ കല്പിച്ചീടുംപോലെ ശിഷ്യന്മാരോ ലോകത്തിന്റെ
നാലുപാടും സുവിശേഷം ഘോഷിച്ചീടുന്നു.

വിശ്വാസത്തിൻദീപം പേറി സുവിശേഷം ഘോഷിപ്പാനായ്
എത്തിച്ചേർന്നു ഭാരതത്തിൽ തോമ്മാശ്ലീഹായും.

തോമ്മാശ്ലീഹ എത്തിച്ചതാം വിശ്വാസത്തിന്നണയാത്ത
ദീപം നമുക്കെന്നുമെന്നും കാത്തുസൂക്ഷിക്കാം. ■



മാത്യു കോഴിമണ്ണിൽ

അന്ധന്മാർ ആനയെ കാണാൻ പോയതുപോലെ വി. ഗ്രന്ഥത്തിന്റെ ഏതെങ്കിലും ഭാഗങ്ങൾ സന്ദർഭത്തിനനുസരിച്ച് വായിക്കുകയോ, വായിക്കാൻ നിർബന്ധിക്കപ്പെടുകയോ, കേൾക്കുകയോ, കേൾക്കുവാൻ നിർബന്ധിക്കപ്പെടുകയോ ചെയ്യുന്ന അവസ്ഥയിലേക്ക് ഇന്നത്തെ തലമുറയുടെ ബൈബിൾ പാരായണം മാറിയിട്ടുണ്ടെന്നു പറഞ്ഞാൽ തർക്കിക്കാൻ ഒത്തിരിപ്പേർ ഒരുമിച്ചുകൂടുമെന്നു തോന്നുന്നില്ല.

ഈ കവിതയിൽ, പഴയനിയമഗ്രന്ഥ പ്രവാചകരുടെ പ്രവചനപൂർത്തീകരണമായ രക്ഷകനേശുവിന്റെ രക്ഷാകരകർമ്മം- മനുഷ്യാവതാരം മുതൽ സ്വർഗ്ഗാരോഹണം വരെ- മനസ്സിൽ പതിഞ്ഞു വീഴാൻ പരുവത്തിലുള്ള ഗാന രീതിയായ വഞ്ചിപ്പാട്ടിലൂടെ അവതരിപ്പിക്കപ്പെടുന്നു. അറിഞ്ഞും അറിയാതെയും ഉപബോധ മനസ്സിൽ പതിയാൻ പര്യാപ്തമാണ് ഇതിലെ ഈരടികൾ. ഒറ്റയായോ, ഒരുമിച്ചോ, മൂളിപ്പാടിയോ, മുഴക്കിപ്പാടിയോ ആസ്വദിക്കുവാൻ പര്യാപ്തവുമാണ്.

ഗ്രന്ഥകാരൻ - പത്തനംതിട്ട ജില്ലയിൽ പുറമറ്റത്ത് കോഴിമണ്ണിൽ പരേതനായ ചക്കോ ഉപദേശിയുടെ മകൻ പരേതനായ വറുഗീസ് (ഉണ്ണി) ഉപദേശിയുടെയും, പരേതയായ റാഹേലമ്മയുടെയും മകനാണ്. ഇപ്പോൾ ചങ്ങനാശ്ശേരിയിൽ സ്ഥിരതാമസം. ചങ്ങനാശ്ശേരി മലങ്കര കത്തോലിക്ക ഇടവകാംഗമാണ്.

MATHEW KOZHIMANNIL
Pump House Road, No.14, Kurisummood P.O
Changanacherry, Kottayam - 686104
Ph : 0481 - 2720752, Mob : 94474 20387
mkozhimannil@gmail.com